"ഉദ്ധരേദാത്മനാത്മാനം"

Reg. No. T. 26, License: No. 363. Dated 14-8397

# നവജീവൻ

വരിസംഖ്യ } അഞ്ചലിൽ 3 രൂ. 6 ണ. തപാലിൽ 4 രൂ. 8 ണ.
പരസ്യങ്ങൾക്ക് മിതമായനിരക്ക്

## പ്രതിപക്ഷപത്രിക

ഏജൻറന്മാർക്ക് പ്രത്യേക നിരക്കും കൂടുതൽ കമ്മീഷനും അനുവദിക്കും

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്.

Vol. 25 | ശിവഗിരി, വർക്കല. Trav, March 28th : 1945. ൧൧൨൦ മീനം ൧൫-ാംനു ബുധനാഴ്ച | No 10

# സന്ദേശനിർവചനം

കെ. വി. എൻ. ഗുരുക്കൾ തലശ്ശേരി

## III • ദേവൈക്യം

ലോകത്തിൽ മനുഷ്യരുടെ അധിവാസം എന്നുണ്ടായെന്നറിയപ്പെടുന്നുവോ, അന്നുമുതൽക്കു തന്നെ ഈശ്വരനേയും ഏതെങ്കിലും ഒരു രൂപത്തിൽ അവർ ആരാധിച്ചു വന്നിരുന്നു വെന്നുള്ളതിന്നു ധാരാളം തെളിവുകളുണ്ട്. വടക്കൻ മലയിടുക്കുകളിൽ കൂടി തുരുതുരെ ഇറങ്ങിവന്ന ആര്യന്മാർ പുത്തനായി ഹിമാലയൻ പ്രാന്തത്തിൽ ഇടിയും മിന്നലും കണ്ടു പരിഭ്രമിച്ചു. എന്തൊ ഒരു ഭൂതം-അല്ല-ശക്തി, അതുമല്ല ഈശ്വരനാണതെന്നു ഉടൻ തീരുമാനിച്ചു. നോക്കിയാൽ കണ്ണെത്താത്ത അത്രഉയരമുള്ള ഹിമാലയൻ പർവതത്തിലും ഈശ്വരത്വം ആരോപിച്ചു. ചിലർ ഈശ്വരൻ അരൂപിയാണെന്നു വാദിച്ചു. ചിലർ സ്വരൂപനാണെന്നു പ്രതിവാദിച്ചു. ചിലർ അവൻ സർവവ്യാപിയാണെന്നും മററു ചിലർ സർവ്വശക്തനാണവനെന്നും സമർത്ഥിച്ചു. ഈ ലോകത്തിന്റെയും ഇതുൾക്കൊള്ളുന്ന സൌരയൂഥത്തിന്റെയും നിർമ്മാതാവാണ് അവനെന്നു ചിലർ വർണ്ണിച്ചു. ഇവിടെ നടക്കുന്ന ഒരു പരമാണുവിന്റെ അദൃശ്യമായ ചലനം വരെ ഈശ്വര കർത്തൃകമാണെന്നു ചിലർ ശഠിച്ചു. ചിലർ അങ്ങിനെ ഒരാൾ ഇല്ലെന്നു തന്നെ പറഞ്ഞു. വേറെ ഒരു കൂട്ടർ അവനെ തങ്ങൾ കണ്ടിരിക്കുന്നു വെന്നു അവകാശപ്പെട്ടു. ചിലർ അതു വെറും ഒരു പ്രതിഭാസം മാത്രമാണെന്നു നിരൂപണം ചെയ്തു. ചിലർ ഈശ്വരപ്രസാദം കൊണ്ടു തങ്ങൾക്കു രോഗം മാറിയെന്നും സന്തതിയുണ്ടായെന്നും അവകാശപ്പെടുന്നു. ചില രസികന്മാർ 40 കോടി ദേവന്മാരുണ്ടെന്നു പറയുന്നു. ഇവരിൽനിന്നെല്ലാം വ്യത്യസ്തരായ മറെറാരു കൂട്ടർ ഈശ്വരൻ എന്നതു വെറും മിഥ്യാസങ്കല്പം മാത്രമാണെന്നും അവരവർക്കു അവരവർ തന്നെയാണു ഈശ്വരന്മാരെന്നും സിദ്ധികളും കഴിവുകളും അവനവന്റെ ആത്മധർമ്മങ്ങളാണെന്നും സിദ്ധാന്തിക്കുന്നു. സ്ഥിതിയിങ്ങനെയിരിക്കെ ഈശ്വരനെക്കുറിച്ചു ഒന്നു നിരൂപിക്കുവാൻ തന്നെ വിഷമമായിരിക്കുന്നു. എന്നാൽ ശ്രീ നാരായണ ഗുരുദേവരുടെ 'ഏകദൈവം' ഏതാണെന്നു ആരാഞ്ഞു നോക്കുന്ന സന്ദർഭത്തിൽ ഈശ്വരന്റെ ഒരു സാമാന്യനിരൂപണം കൂടാതെ ഗത്യന്തരവുമില്ല.

(*പകപ്പവകാശം)

ഈശ്വരൻ എന്നപദത്തിന്നു പ്രകാശിക്കുവൻ എന്നർത്ഥമാകുന്നു. (സ്ഥേശ-ഭാസ ഇത്യാദിനാ വരച് — ഈഷ്ടഇതിശ്വരഃ ഇതിവാ) ദേവൻ എന്നതിന്നും സ്വയം ശോഭിക്കുന്നവൻ എന്നും അർത്ഥമാവാം. സ്വയം പ്രകാശമാനമായി വിജ്ഞാന സ്വരൂപമായി വർത്തിക്കുന്നതു വല്ലതുമുണ്ടെങ്കിൽ അതു ഈശ്വരൻ തന്നെയെന്നു പൌരാണികന്മാർ പറയുന്നു. ഭാരതീയ ദർശനങ്ങളിൽ ഈശ്വരസത്തയെ നിരൂപണം ചെയ്യുന്നതിൽ ചിലയുക്തികളെ, ഇവിടെ ഉപന്യസിക്കാം.

"ഈശ്വരഃകാരണം പുരുഷകർമ്മസാഫല്യാദർശനാൽ" ന്യായസൂത്രം) പുരുഷന്മാരുടെ കർമ്മങ്ങൾക്കു സ്വയം സാഫല്യം കാണാത്തതു കൊണ്ടു ഈശ്വരനാകുന്നു അതിന്നുകാരണം. മനുഷ്യന്മാർ സുഖത്തേയും ഉൽകർഷത്തേയും ഇച്ഛിച്ചു കൊണ്ടു ഓരോ പ്രവൃത്തിചെയ്യുന്നു. എന്നാൽ ആവിധം കർമ്മങ്ങൾക്കൊന്നും ഉദ്ദേശിച്ച ഫലം കാണുന്നില്ല. കർമ്മങ്ങൾക്കു ഫലമുണ്ടെന്നുള്ളതു നിയതമാണെങ്കിലും അനുകൂലഫലം പ്രതികൂലഫലം എന്നീ വകഭേദങ്ങളിൽ ഫലവത്വം നിയതമല്ല. സുഖാർത്ഥി സുഖലാഭത്തിന്നു വേണ്ടിചെയ്യുന്ന കർമ്മങ്ങൾ സുഖസംപാദകങ്ങളാകുന്നില്ലെന്നു മാത്രമല്ല ദുഃഖപര്യവസായികളായും കാണപ്പെടുന്നു. അതിനാൽ മനുഷ്യരുടെ കർമ്മഫലം മറെറാരാളുടെ ഇച്ഛക്കനുസരിച്ചു മാത്രമെ അനുഭവപ്പെടുന്നുള്ളു വെന്നു വരുമ്പോൾ ആ ആൾ ആരാണെന്നാണ് പിന്നെ അന്വേഷിക്കാനുള്ളതു. ആ ആളാണ് ഈശ്വരൻ എന്നു താർക്കികന്മാർ അഭിപ്രായപ്പെടുന്നു. കർമ്മങ്ങൾ സ്വയമേവ ദുഃഖമായും സുഖമായും അനുഭവപ്പെടുന്നു വെന്നു വിചാരിപ്പാൻ ന്യായം പോരാ. എന്തുകൊണ്ടെന്നാൽ പ്രകൃത്യാ അചേതനമായ കർമ്മം സചേതനന്റെ സഹായം കൂടാതെ സ്വയം പരിണമിക്കയില്ല.

"പ്രധാന പരമാണുകർമ്മാണി പ്രാക് പ്രവൃത്തേഃ ബുദ്ധിമൽകാരണാധിഷ്ഠിതാനി പ്രവർത്തന്തെ അചേതനത്വാൻ വാസ്യാദിവൽ" (വൈശേഷികം. പ്രധാനങ്ങളായ പരമാണുക്കളുടെ കർമ്മങ്ങൾ അവയുടെ പ്രവൃത്തിക്കു മുമ്പായി ബുദ്ധിമത്തായ ഒരു കാരണത്താൽ അധിഷ്ഠിതമായിട്ടു (പ്രയുക്തമായിട്ടു) പ്രവർത്തിക്കുന്നു. അചേതനത്വം കാരണമായി (പരമാണുക്കൾ അചേതനങ്ങളാക കൊണ്ടു) വാസ്യ മുതലായവയെ പ്പോലെ എ

ന്നർത്ഥം പരമാണുക്കൾ അചേതനങ്ങളാക കൊണ്ടു വാസ്യ (ഒരു തരം മഴു)മുതലായ ആയുധങ്ങളെ പോലെ അവക്കു സ്വതന്ത്രമായി പ്രവൃത്തിപ്പാൻ കഴികയില്ല. വാസ്യ ബുദ്ധിമാനായ ആശാരിയാൽ പ്രയുക്തമായിട്ടു മാത്രമെ വൃക്ഷച്ഛേദനത്തിൽ പ്രവർത്തിക്കുന്നുള്ളു. വാസ്യ അചേതനമാകയാൽ ഒരു സചേതനന്റെ ഇച്ഛക്കനുസരിച്ചു മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. ആകയാൽ അചേതനങ്ങളായ പരമാണുക്കൾ ഒന്നായിച്ചേർന്നു പൃഥിവി മുതലായ മഹാഭൂതങ്ങളുണ്ടാവാൻ കാരണമാകുന്നതിനു മുമ്പു അവ അപ്രകാരം കൂടിച്ചേരുന്ന പ്രവൃത്തിക്കു ഒരു ബുദ്ധിമാന്റെ സാഹായ്യം ആവശ്യമാണെന്നു വരുന്നു. ആ ബുദ്ധിമാൻ ഈശ്വരനാണെന്നു അനുമാനിക്കപ്പെടുന്നു.

"തത്ര നിരതിശയം സവ്വജ്ഞ
ബീജം വിജ്ഞാനൈശ്വര്യ
താരതമ്യം കചചിദവിശ്രാന്തം
അണുമഹൽ ഭാവവന്നാൽ
ക്രുഷ്യമാണതയാൻപരിമാണ
താരതമ്യവൽ"

വിജ്ഞാനം ഐശ്വര്യം എന്നിവയുടെ താരതമ്യം ഒരു സ്ഥലത്തവസാനിക്കാതിരിപ്പാൻ നിവൃത്തിയില്ല. അണുത്വം മഹത്വം എന്നിവയാൽ ഉൽകർഷത്തെ പ്രാപിക്കകൊണ്ടു പരിമാണ താരതമ്യം പോലെ എന്നർത്ഥം. മനുഷ്യരുടെ എല്ലാം ജ്ഞാനവും അതിശയത്തോടുകൂടിയാകുന്നു. ഒരാൾക്കു ഒന്നിനെക്കുറിച്ചറിവുണ്ടെങ്കിൽ മറെറാരാൾക്കു രണ്ടിനെക്കുറിച്ചോ അതിലധികമൊ അറിവുണ്ടാകാം. അപ്പോൾ ഒന്നാമന്റെയും രണ്ടാമന്റെയും ജ്ഞാനത്തിനു അതിശയമുണ്ടു. ഒരാൾക്കു ഒന്നിനെപ്പററിയുള്ള ജ്ഞാനം മറെറാരാൾക്കു രണ്ടിനെപ്പററിയുള്ള ജ്ഞാനം മൂന്നാമതൊരാൾക്കു മൂന്നിനെപ്പററിയുള്ള അറിവു എന്നീ ക്രമത്തിൽ ജ്ഞാനത്തിനു താരതമ്യം കാണുന്നു. പരിമാണ താരതമ്യം ഇവിടേക്കു ഉദാഹരണമാകുന്നു. വലിപ്പം ചെറുപ്പം മുതലായ പരിമാണങ്ങൾ സാതിശയങ്ങളാകുന്നു. കടുകേക്കാൾ കടലക്ക അതിനെക്കാൾ നെല്ലിക്ക നെല്ലിക്കയെക്കാൾ താനിക്ക എന്നീ ക്രമത്തിൽ മഹത്വം സാതിശയമാകുന്നു. എന്നിവിപരീത ക്രമത്തിലായാൽ താനിക്കയെക്കാൾ നെല്ലിക്ക നെല്ലിക്കയെക്കാൾ കടലക്ക കടലക്കയെക്കാൾ കടുക് എന്നീ ക്രമത്തിൽ അണുത്വ (ചെറുപ്പം) ത്തിനും സാതിശയമുണ്ടു മേൽകാണിച്ച മഹത്വം അല്ലെങ്കിൽ വലിപ്പം ഉയർന്നു ഉയർന്നു ആകാശം വരെ എത്തി അവിടെ അവസാനിക്കുന്നു. ആകാശത്തെക്കാൾ വലുതു മറെറാന്നില്ല അതിനാൽ ആകാശത്തിലുള്ള മഹത്വം നിരതിശയമാകുന്നു അണുത്വവും മേൽ പ്രകാരം കുറഞ്ഞുകുറഞ്ഞു പരമാണുവിൽ പര്യവസാനിക്കുന്നു. പരമാണുവേക്കാൾ ചെറുതായിട്ടു മറെറാന്നില്ല അതിനാൽ പരമാണുവിലുള്ള അണുത്വം നിരതിശയമാകുന്നു ചെറുപ്പത്തിനു പരമാണുവും വലിപ്പത്തിനു ആകാശവും പരമാവധിയായിത്തീരുന്നതു പോലെ വിജ്ഞാനം ഐശ്വര്യം എന്നിവകൾക്കും ഒരു പരമാവധി വേണം. ആ പരമാവധി ഒന്നിന്റെ ജ്ഞാനം രണ്ടിന്റെ ജ്ഞാനം എന്നീ ക്രമത്തിൽ വർദ്ധിച്ചു ഒടുവിൽ സർവ്വവിഷയക ജ്ഞാനത്തിൽ പര്യവസാനിക്കണം. അല്പ വിഷയക ജ്ഞാനത്തിനു മനുഷ്യർ ആശ്രയമായിരിക്കുമെങ്കിലും സർവ്വവിഷയക ജ്ഞാനത്തിനു അവർ പാത്രമല്ലാ. സാതിശയമായതെല്ലാം നിരതിശയമായിരിക്കുമെന്നുള്ള ന്യായ പ്രകാരം വരുന്ന ഈ നിരതിശയ ജ്ഞാനത്തിനു ഒരു ആശ്രയം വേണമല്ലൊ. ആ ആശ്രയവസ്തുവാണ് ഈശ്വരൻ. ഇങ്ങിനെ സർവ്വജ്ഞത്വത്തെ കാരണമാക്കി പാതഞ്ജലന്മാർ ഈശ്വരനെ അനുമാനിക്കുന്നു. എനി ഒരനുമാനത്തെ കൂടി ഉദാഹരിക്കാം.

"ബ്രഹ്മാണ്ഡാദി പതന പ്രതിബന്ധകീഭൂത പ്രയത്നവദധിഷ്ഠിതം ധൃതി മത്വാൽ വിയതി വിഹംഗമധൃതകാഷ്ഠവൽ

ബ്രഹ്മാണ്ഡം മുതലായവ പതനത്തിനു പ്രതി ബന്ധമായിരിക്കുന്ന പ്രയത്നം ഉള്ളവനിൽ നില്ക്കുന്നതാകുന്നു. ധൃതിമത്വം ഹേതുവായിട്ടു ആകാശത്തിൽ പക്ഷികളാൽ വഹിക്കപ്പെട്ട വിറക കൊള്ളി പോലെ എന്നർത്ഥം. ധൃതിയെന്നതു ഘനമുണ്ടായിട്ടും വീഴാതിരിക്കുന്നതിനു പ്രയോജകമായ വ്യാപാരമാകുന്നു. ഭൂമി, നക്ഷത്രങ്ങൾ നവഗ്രഹങ്ങൾ മുതലായി എത്രയെ ഗോളങ്ങൾ ഓരോന്നും എത്രയും ഘനമുള്ളതായിരുന്നിട്ടും വീഴാതെ ആകാശത്തിൽ നില്ക്കുന്നു. നിരാധാരമായി അവ ആകാശത്തിൽ നില്ക്കുന്നതു വീഴാതിരിക്കാനുള്ള ഒരു വക ശക്തി പ്രസരിപ്പിച്ചു കൊണ്ടിരിക്കുന്ന ഏതോ ഒരു വസ്തുവിന്റെ പ്രയത്നം കൊണ്ടാണെന്നു പറയേണം. ആ പ്രയത്നത്തിനു ആകർഷണമെന്നോ ധാരണമെന്നോ എന്തെങ്കിലും പറയാം. ഘനമുള്ള സാധനങ്ങൾ വീഴാതിരിക്കേണമെങ്കിൽ അതിനെ ആ നിലക്കു നിൎത്തുവാനായി ഒരാളുടെ യത്നം ആവശ്യമാണെന്നു; നമുക്കു ഘനമുള്ള വിറകിൻ കഷണം പക്ഷികൾ ആകാശത്തിലൂടെ വഹിച്ചു കൊണ്ടുപോകുന്നതിൽനിന്നും മനസ്സിലാക്കാം ഇതു പോലെ ഭൂനക്ഷത്രാദിഗോളങ്ങൾ കീഴ്പോട്ടു വീഴാതെ ആ വിധത്തിൽ നില്ക്കണമെങ്കിൽ വിറകിൻ കഷണത്തെ നിൎത്തുന്ന പക്ഷിയെപ്പോലെ ഒരു യത്നവാന്റെ പ്രവൃത്തി ആവശ്യമാകുന്നു. അങ്ങിനെയുള്ള യത്നം ദൃശ്യന്മാരായ ആരിലും കാണാത്തതു കൊണ്ടു അദൃശ്യനായ ഒരാളെ കല്പിക്കണം. ആ അദൃശ്യനായ ആൾ ഈശ്വരനാകുന്നു.

ഇങ്ങിനെ പല പ്രകാരത്തിലും ദാർശനികന്മാർ ഈശ്വരനെ അനുമാനിക്കുമ്പോൾ:—

നസ്വർഗ്ഗോ നാപവർഗ്ഗോ
നൈവാത്മാ പാരലൌകികഃ
നൈവ വർണ്ണാശ്രമാദീനാം
ക്രിയാശ്ച ഫലദായികാഃ (ബാർഹസ്പത്യദർശനം)

സ്വർഗ്ഗം എന്ന ഒന്നില്ല, മോക്ഷം എന്ന ഒരവസ്ഥയുമില്ല. പരമാത്മാവില്ല. വർണ്ണാശ്രമധർമ്മങ്ങളൊന്നും തന്നെ ഉദ്ദിഷ്ടഫല പ്രദങ്ങളുമല്ല എന്നിങ്ങിനെ ചാർവ്വാകൻമതലമയആചാര്യന്മാർ ഈശ്വരനേയും വർണ്ണാശ്രമ ധർമ്മങ്ങളെയും അപലപിക്കുന്നു. അങ്ങിനെ ഈശ്വരസത്ത് നിരാകരിക്കപ്പെടുമ്പോൾ:—

സർഗ്ഗാദൌ ചക്രിയാനാസ്തി-
താദൃക്കാ ലോഹിനേഷ്യതേ!
യദിത്വാദൌ ജഗൻസ്രഷ്ടാ-
ധർമ്മാധർമ്മൌ സനാധനൌ!!
യഥാശേഷ്വാർത്ഥസംബന്ധാൻ
വേദാൻ കശ്ചിൻ പ്രവർത്തയേൽ!
ജഗദ്ധിതായ വേദസ്യ തദാ
കിംഭിന്ന ദൃഷ്യതി!!
സർവ്വജ്ഞവത്തു ദുസ്സാധമി
ത്യൈതന്ന സംശ്രിതം!
(ശ്ലോകവാർത്തികം)

"സൃഷ്ടിയുടെ ആദികാലം എന്നു പറയത്തക്കതായ ഒരു കാലം

# ഇസ്‌ലാമിക സംസ്ക്കാരം

II

(വി. എ. അബ്ദുൽഅസീസ്, ബി. എ. ബി. എൽ.)

ഇനി, വ്യക്തിയുടെ വികാസത്തിനും സാമുദായികഘടനക്കും ഉള്ള ഇസ്‌ലാമിന്റെ പരിപാടി എന്താണെന്നു് പരിശോധിച്ചശേഷം ഇസ്‌ലാമിക സംസ്ക്കാരം നാം ഉപേക്ഷിക്കണമോ അതോ സ്വീകരിക്കണമോ എന്നു് നിശ്ചയിക്കാം. വ്യക്തിയുടെ വികാസം സാധിക്കേണ്ടതു് എങ്ങിനെ?

ജീവിതം ഒരു ആയോധനമാണ്. അതിനു് ഓരോ വ്യക്തിക്കും ശക്തമായ ഒരായുധം വേണം. മുസ്‌ലിമിന്റെ പക്കൽ ഇസ്‌ലാം ഏല്പിക്കുന്ന ആ ദിവ്യായുധം സ്നേഹമാകുന്നു. സ്നേഹത്തിനു് ഒരു ആദർശം ഉണ്ടു്. മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ആ ആദർശം പ്രവാചകശ്രേഷ്ഠനായ മുഹമ്മദു നബി (സ. അ.) തിരുമേനിയാണു്. ആ നാമശ്രവണമാത്രയിൽ ഒരു മുസ്ലീം കരകാണാത്ത സ്നേഹസാഗരത്തിൽ നിമഗ്നനായിപ്പോകുന്നു. ആ പുണ്യപുരുഷന്റെ ഓരോ വാക്കും അവന്റെ ചെവിയിൽ മധുരസംഗീതം പകർന്നുകൊടുക്കുന്നു. ആ കർമ്മയോഗിയുടെ ഓരോ പ്രവൃത്തിയും അവന്റെ മുമ്പിൽ അനേകായിരം കൈചൂണ്ടിപ്പലകകൾ നിരത്തിവെയ്ക്കുന്നു. അതിലോട്ടു നോക്കിയാൽ അവനു് എങ്ങിനെ വഴി തെററിപ്പോകുവാൻ കഴിയും. കണ്ണുമടച്ചു കമഴ്ന്നു കിടക്കുന്നവനല്ലാതെ സന്മാർഗ്ഗത്തിൽ നിന്നു വ്യതിചലിച്ചുപോകുകയില്ല. സ്നേഹംകൊണ്ടുള്ള ജീവിതായോധനരംഗത്തു് മററു ചില കൂട്ടുകാർകൂടി ഉണ്ടു്. ഒരു മഹാകവിയുടെ വാക്കുകളിൽ പറഞ്ഞാൽ "വിജയത്തെ മാത്രം ലക്ഷ്യമാക്കിയുള്ള ഒരു പ്രവർത്തനമാണു് ജീവിതം. വിജയത്തിലേക്കു് ആകർഷിക്കുന്നതു് ആഗ്രഹമാകുന്നു. ജീവിതം വേട്ടക്കാരനും ആഗ്രഹം അവൻ വിരിക്കുന്ന വലയുമാണ്. ആഗ്രഹം സൗന്ദര്യത്തോടുള്ള സ്നേഹത്തിന്റെ സന്ദേശമാകുന്നു."

ആ രംഗത്തു് ഒരു വ്യക്തി ആരോടും കടപ്പാടുള്ളവനായിത്തീരരുതു്. സ്വപ്രയത്നംകൊണ്ടല്ലാതെ സാധിക്കുന്ന സകലതും യാചനയിൽ പെടുന്നു.

"ഈ ലോകത്തു് മനുഷ്യനായി ജീവിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ആത്മഹത്യ ചെയ്യുന്നതായിരിക്കും യഥാർത്ഥജീവിതം."

വേദനയിലും ആപത്തിലുംകൂടി മുന്നോട്ടു പോകണം. ഇവയെ സ്നേഹിക്കണം. അവയിൽനിന്നു് ഒളിച്ചോടുവാൻ പാടില്ല.

"ഒരു ചീങ്കണ്ണിയെങ്കിലും ഇല്ലാത്ത നദിയിൽക്കൂടി എന്റെ വഞ്ചി തുഴയുവാൻ ഞാൻ ആഗ്രഹിക്കുകയില്ല. ആപത്തുകളുടെ നേരെയുള്ള മനോഭാവം ഇതായിരിക്കണം."

"ജീവിതനിയമപ്രകാരം ആപത്തുകളെ ക്ഷണിച്ചുവരുത്തുന്നതിലാണു് ജീവിതം അധിഷ്ഠിതമായിരിക്കുന്നതു്. സമാധാനത്തിന്റെയും ശാന്തിയുടേയും നികേതനമായ കഅബയിലേക്കു് ഞാൻ പുണ്യയാത്ര ചെയ്യാഞ്ഞതു് അവിടേക്കുള്ള മാർഗ്ഗത്തിൽ യാതൊരു ആപത്തുകളും ഇല്ലാത്തതുകൊണ്ടാണെ"ന്നു് ഒരു കവി ആപത്തിനോടുള്ള തന്റെ അതിയായ മമതകൊണ്ടു് പറയാനിടയായിപ്പോയിട്ടുണ്ടു്.

വ്യക്തിയുടെ ബാഹ്യപ്രകൃതി കരുത്തുള്ളതും ആന്തരികസ്വഭാവം മൃദുലവും ആയിരിക്കണം. ദൈവസന്നിധിയിൽ മനുഷ്യൻ ഒരു ആട്ടിൻകുട്ടിയും ജീവിതരംഗത്തു് ഒരു സിംഹവും ആയിരിക്കണം.

"ആന്തരികമായ ദർശനശക്തിയുടെ അഭാവത്തിലാണു് മനുഷ്യൻ മനുഷ്യന്റെ അടിമയായിത്തീരുന്നതു്. മറെറാരു വിധത്തിൽ പറഞ്ഞാൽ മനുഷ്യൻ ദംഷ്ട്രജന്തുക്കളെക്കാൾ താഴ്ന്നവനായിപ്പോയി. ഒരു പട്ടി മറെറാരു പട്ടിയെ കമ്പിടുന്നതു് ഞാൻ കണ്ടിട്ടില്ല."

ഈ വിധഗുണവിശേഷങ്ങളോടുകൂടി വളരുന്ന ഒരു വ്യക്തി അനുസരണശീലം ആത്മനിയന്ത്രണം എന്നീ രണ്ടു പടികൾ കടന്നു് മുമ്പോട്ടുപോയാൽ പരിപൂർണ്ണമനുഷ്യൻ—Superman അല്ലെങ്കിൽ Viceferant of God on earth-ആയിത്തീരുന്നു.

അനുസരണശീലം എന്നു പറഞ്ഞതു് നിയതിയുടെ നിയമങ്ങൾ അനുസരിക്കാൻ ശീലിക്കുക എന്നു് മാത്രമാണു്.

"അല്ലയോ അശ്രദ്ധനായ മനുഷ്യാ, അനുസരിക്കുവാൻ ശീലിക്കുക. സ്വാതന്ത്ര്യം നിർബന്ധത്തിന്റെ ഫലമാണു് അനുസരണശീലനായ വ്യക്തി ആത്മനിയന്ത്രണത്തിനു് ശക്തനായിത്തീരണം."

"തന്നെത്താനെ നിയന്ത്രിക്കാൻ കഴിവില്ലാത്തവർ അന്യരുടെ ആജ്ഞാനുവർത്തികളായിപ്പോകുന്നു. നേരെമറിച്ചു് ആത്മനിയന്ത്രണം ഉള്ള ഒരു വ്യക്തി ദൈവത്തെ ഒഴിച്ചു് മററു് എല്ലാററിലും നിന്നു് അവന്റെ നോട്ടം പിൻവലിച്ചു സ്വപുത്രന്റെ കഴുത്തിൽ കത്തി വക്കുന്നതിനുപോലും വേണ്ടിവന്നാൽ അവൻ തയ്യാറാകുന്നു."

ഒരു കഠാരപോലെ പാപത്തെയും ദൗഷ്ട്യത്തെയും വെട്ടിവീഴ്ത്താനുള്ള ആയുധമാണു് ഇസ്ലാമിന്റെ പ്രാർത്ഥന. കേവലം ഇന്ദ്രിയശക്തികൾക്കു വഴങ്ങിക്കൊടുക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ദാഹത്തിന്റെയും വിശപ്പിന്റെയും നേർക്കുള്ള ആക്രമണമാണു് ഇസ്ലാമിന്റെ വ്രതാനുഷ്ഠാനം. സ്വദേശത്തോടുള്ള അനാവശ്യമായ സ്നേഹത്തെ ഇല്ലായ്മ ചെയ്യുന്നതിനും സ്വകുടുംബവും ബന്ധുജനങ്ങളുമായുള്ള വേർപാടിനെപ്പററി പഠിപ്പിക്കുന്നതിനും ആണു് പരിശുദ്ധ കഅബയിലേക്കുള്ള പുണ്യയാത്ര. സമത്വഭാവന ഉല്പാദിപ്പിക്കുന്നതിനും ധനത്തോടുള്ള അമിതതൃഷ്ണ നശിപ്പിക്കുന്നതിനും ആണു് സക്കാത്തു്. ഈ വിധ അനുഷ്ഠാനങ്ങൾ കൊണ്ടു വ്യക്തി ആത്മനിയന്ത്രണം ചെയ്തു് മാതൃകായോഗ്യനും പ്രാപഞ്ചികശക്തികളുടെ മേൽ അധികാരം പുലത്താൻ പ്രാപ്തനുമായ (Superman) ആയിത്തീരുന്നു.

ഇപ്രകാരമുള്ള വ്യക്തികളടങ്ങിയ ഇസ്ലാമികസമുദായത്തിനു് ചില പ്രത്യേകസ്വഭാവവിശേഷങ്ങളുണ്ടു്. വ്യക്തിയുടെ മഹിതമായ സ്ഥാനം പാലിച്ചുകൊണ്ടു തന്നെയാണു് സമുദായഘടന സാധിച്ചിരിക്കുന്നതു്.

"കൂട്ടങ്ങളാക്കാൻ ഞാൻ ശേഖ

രിച്ചു വസ്തുക്കൾകഷണങ്ങളെ നോക്കുക. എന്നിട്ടു അവയെ തീകൊളുത്താനുള്ള എന്റെ ആഗ്രഹം കാണുക.”

വ്യക്തിപരമായ ത്യാഗം സമുദായത്തിനു ആവശ്യമായിവരുമ്പോൾ അതിനു അവൻ തയാറായിരിക്കണം. കർബലയിലെ അത്യാഹിതം ഇതിന്നു ഒരു ഉത്തമോദാഹരണമാണു്. യസീദിനു കീഴടങ്ങിക്കൊടുക്കാൻ ഇമാംഹുസൈൻ വിസമ്മതിച്ചു. സ്വ വ്യക്തിമാഹാത്മ്യത്തെ സംരക്ഷിക്കുവാൻ തന്നെ അദ്ദേഹം ഉറച്ചു. പക്ഷെ ഇസ്ലാമിന്റെ താല്പര്യം ത്യാഗം ആവശ്യപ്പെട്ട മാത്രയിൽ ആ മഹാപുരുഷൻ ഇസ്ലാമികസാഹോദര്യരംഗത്തു അതിക്രമിച്ചുകയറിയ ദൂഷ്യം മാററി ഏക ദൈവവിശ്വാസം ദൃഢമൂലമായി പ്രതിഷ്ഠാപിക്കുന്നതിനുവേണ്ടി സ്വജീവനെ ഉപേക്ഷിച്ചു.

“സ്രഷ്ടിതാവിനു വേണ്ടി അദ്ദേഹം നിണത്തിലും പൊടിയിലും കിടന്നു പിടച്ചു. ആ ഒററക്കാരണത്താൽ അല്ലാഹു അല്ലാതെ മറെറാരു ദൈവവുമില്ലെന്നുള്ള വിശ്വാസപ്രമാണം കൂടുതൽ ശക്തമായി സംസ്ഥാപിതമായി.

ഒരു മാതൃകാസമുദായത്തിനു വേണ്ട എന്തെല്ലാം ഗുണങ്ങളാണു് ഇസ്ലാമിനുള്ളതു്. അതിന്റെ ഉദ്ദേശ്യങ്ങൾക്കു ഒരു ഐകരൂപ്യമുണ്ടായിരിക്കണം.

“സമുദായത്തിനു ഏകമായ ഒരു ചിന്താഗതി ഉണ്ടായിരിക്കണം. അതിന്റെ ബോധശക്തി എപ്പോഴും ഒററ ഉദ്ദേശത്തോടുകൂടി ഉണന്നു് പ്രവർത്തിക്കണം. അതിന്റെ ഹൃദയത്തിനു ഒററ വികാരമേ പാടുള്ളു. നല്ലതും ചീത്തയും വേർതിരിക്കുന്നതിനു ഒററ അളവുകോലു മാത്രമാണു് സമുദായത്തിൽ ഉണ്ടായിരിക്കേണ്ടതു്.

**ഹൃദയാമൃതം**

ഹൃദയം, ശ്വാസകോശം ഈ പ്രധാന അന്തരവയവങ്ങളുടെ വൈകല്യങ്ങൾക്കു പരിഹാരം നേടി, ക്ഷയം, കാസം മുതലായരോഗങ്ങളുടെ ആക്രമണത്തിൽ നിന്നും ശരീരത്തെ മുക്തമാക്കി പൂർണ്ണ ആരോഗ്യം കൈവരുത്തുന്നതിനു ഫലശക്തിയുള്ള ഒരു ടോണിക്കു്. 4 ഔൺസ് കുപ്പി 1-ക്കു് 2 രൂ. 12 ണ. 0 സ., 4 ഔൺസ് കുപ്പി 2ക്കു് 4—0—0., 8 ഔൺസ് കുപ്പി 1-ക്കു് 5—0—0.

നിർമ്മാതാക്കൾ:— ശ്രീ വഞ്ചിരാജ്യആയുർവേദ ഫാർമസി,
(Regd) ആലപ്പുഴ.

# ശിഷ്യാചാരം

(ശ്രീ രാമാനന്ദസ്വാമികൾ)

൧. താപത്രയനിവൃത്തിക്കും
പാപനിർമ്മോചനത്തിനും
താപവീത ഗുരുസ്ഥാനം
പ്രാപിക്കണം ഭജിക്കണം.

൨. ജനകൻ, ജനനീബന്ധു-
ജന,മർത്ഥം, പ്രഭുതാവും,
വിനയം, വിദ്യയും, ശ്രീമത്
ഗുരുവെന്നോർത്തുവാഴണം.

൩. പാരത്രിക പരാനന്ദ
പരമാം മോക്ഷമേലുവാൻ
കാരണം ഗുരുവാമന്യ
കാരണം ഗുരുകാരണം.

൪. പ്രാപഞ്ചിക സ്ഥൂലദേഹ
നിപാതംവരെയും സുഖം
പ്രാപിപ്പാൻ ദേശികൻതന്നെ
യുപദേശിപ്പതോർക്കണം.

൫. ഇഹപാരത്രികാനന്ദം
സഹസാ നൽകിടും വഴി
മുഹുർമ്മോഹസമായുക്തം
മഹാദേശികനേകിടും.

൬. കരുണാപാരഗൻ ദിവ്യ
ഗുരുകാരുണ്യലോചനൻ
ചരണാംഭോജയുഗളം
കരുതിസ്സേവചെയ്യണം.

൭. സേവയാ ഗുരുകാരുണ്യ
സവിതാവായ്കരങ്ങളാൽ
സവനം മരണാദ്യന്ധ
ഭവത്തെത്തീർത്തിടുന്നതെ.

൮. മനോവാക്കർമ്മധർമ്മങ്ങൾ
മൂന്നുകൊണ്ടും വിശുദ്ധനായ്
തന്നാത്മഗുരുവെ ശ്രദ്ധാ
വാനായും ഭക്ത്യാഭജിക്കണം.

൯. മനസാ ഗുരുതാൻ ദൈവ
മെന്നു ചിന്തിച്ചുവാക്കിനാൽ
മാനിച്ചു കരണം ശുശ്രൂ
ഷണത്തിൽ നിലകൊള്ളണം.

൧൦. ഗുരുകല്പനയെതെല്ലും
മറക്കാത്ത മനസ്കനായ്
തിരുവാക്കിന്നെതിർത്തൊന്നു
മുരിയാടാതിരിക്കണം.

൧൧. പറഞ്ഞവണ്ണം കർത്തവ്യം
നിറവേററി നിവേദനം
ഗുരുസന്നിധിയിൽ നമ്ര
ശിരസാ നിർവ്വഹിക്കണം.

# ശ്രീനാരായണധർമ്മം

(തുടർച്ച)

അഥ: ബ്രഹ്മചര്യം:—

വദേത് സത്യം ചരേദ്ധർമ്മം
സ്വാദ്ധ്യായം നിത്യമാചരേത്,
കുശലാത് സത്യധർമ്മാഭ്യാം
നപ്രമാദ്യേ ദപി ഭൂതയേ. ൨൧

ദൈവ പൈതൃക കർമ്മാണി
നപ്രമാദേന ലംഘയേത്,
സദാചാര്യ പിതൃതിഥീ—
നന്ന വർത്തേത ദൈവവത്. ൨൨

സദാമാചാരോപദേശഃ
ഗ്രഹ്ണീയാത് പുണ്യകർമ്മവത്
ബ്രഹ്മചര്യം തപോഽത്യന്തം
വിദ്യാഭ്യാസായ കല്പതേ. ൨൩

മിതനിദ്രാ മിതാഹാരോ
മിതവസ്ത്ര പരിഗ്രഹഃ
മിതഭാഷണ മേകൈകം
ഭൂഷണം ബ്രഹ്മചാരിണാം. ൨൪

ദ്യൂതം പൈശുന്യമനൃതം
അപവാദ വചസ്തഥാ
കാമക്രോധാ വഥാലസ്യ-
മസൂയാം ചാപി ത്യജേത്. ൨൫

ഉഷസ്യേവ സമുത്ഥായ
സ്നാത്വാ ദേവമനുസ്മരൻ
പ്രാതസ്സന്ധ്യാമുപാസ്യാന്തേ
ഹോമം കുര്യാദ്ദിനേദിനേ. ൨൬

ഏവം വർണ്ണി സായമപി
വിധിവിഹിതവിധിക്രമം
നിരീക്ഷേത ശ്രദ്ധയാ നഃ
പാഠകാലേ ഗുരോർമ്മുഖം. ൨൭

തപസ്യാഫലിതാ ഭൂയാ-
ദവശ്യം ബ്രഹ്മചാരിണഃ
പരിവസ്യാ പ്രസന്നാഃ ചേത്
പിതൃ മാതൃ ഗുരുത്രയഃ. ൨൮

നിയത ബ്രഹ്മചര്യാന്തേ
നഗാർഹസ്ഥ്യം യദിഹതേ
ആജീവമോചനം വർണ്ണി
സുഖം ഗുരുകുലേ വസേത്. ൨൯

അനവാപ്യ ഗുരോർമ്മാതുഃ
പിതുശ്ചാനുമതിം പുമാൻ;
ഉദ്വഹേന്ന യഥാകാമം
ധർമ്മാന്ന പ്രച്യുതോഭവേത്. ൩൦

ശിഷ്യഉവാച:—

ആഖ്യാതോ ഭവതാ ധർമ്മോ
വിശേഷാദ് ബ്രഹ്മചാരിണഃ,
അധിതോ യഃ ശ്രുതോഽസ്മാഭി
സ്സർവ്വലോകോപകാരകഃ. ൩൧

അഥാതഃ കരുണാ മൂർത്തേ
ഗൃഹിണോഽപി വിശേഷതഃ
ധർമ്മാൻ സവിസ്തരം ബ്രൂഹി
നിത്യ കല്യാണ ഹേതുകാൻ ൩൨

ഗുരുരുവാച:—

ശൃണു താതഃ പരം വക്ഷ്മി
ഗൃഹസ്ഥസ്യ വിധിക്രമം
ത്രിവർഗ്ഗനിലയം സാക്ഷാ-
ന്മുക്തിദ്വാരമപാവൃതം ൩൩

വേദാനധീത്യ നിഖിലാം-
സ്തത്ത്വദാചാര്യകല്പിതാൻ
പിത്രോർഗ്ഗുരോശ്ചാനുമത്യാ
സ്നാതഃ സാധു ഗൃഹീഭവേത്. ൩൪

ഉത്തമാഭിജനാം ധർമ്മ്യാം
സുശീലാം ലക്ഷണാന്വിതാം
പ്രസന്നാം വരയേത് കന്യാം
പിതൃമാതൃഗുരുപ്രിയാം. ൩൫

തയാ ദയിതയാ ധർമ്മ-
മാചരേന്നിയതേന്ദ്രിയഃ
ധർമ്മായ ജീവനം ദാര-
സംസർഗ്ഗോ യസ്യ സൂനവേ. ൩൬

ദാനായ ധനസമ്പത്തിർ
ഗാർഹസ്ഥ്യം തസ്യ ശോഭനം
ദേവാഗ്ന്യതിഥി ഭൈക്ഷാർത്ഥം
പചേദന്നേ വാത്മകാരണാത്. ൩൭

ആത്മസംരക്ഷണം സർവ്വ-
ഭൂതേഷ്വിഹ ദയാക്ഷമാ
സമത്വം സർവ്വഭാവേഷു
ഭവേയുർഗ്ഗൃഹിണോ ഗുണാഃ ൩൮

യതിർവ്വർണ്ണീ ചാതിഥിശ്ച
പക്വാന്ന സ്വാമിനോ മതാഃ
യതിഹസ്തേ ജലം ദത്വാ
ഭൈക്ഷ്യം ദദ്യാത്തതോ ജലം. ൩൯

തുടരും.

# നവജീവൻ

1120 മിനം 15-ാനു.

## വിദ്യാഭ്യാസ നിധി

എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വിദ്യാഭ്യാസനിധിയുടെ രൂപവൽക്കരണത്തിനുള്ള സംരംഭം സജീവമായി തുടർന്നുകാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. കഴിഞ്ഞ കുറി നടന്ന യോഗത്തിന്റെ വാർഷികസമ്മേളനത്തിലെ പൊതുനിശ്ചയമനുസരിച്ചാണ് ഈ ഉദ്യമം ഇപ്പോൾ തുടങ്ങിയിരിക്കുന്നതു്. ഓരോ പ്രാവശ്യവും കൂടുന്ന വാർഷികസമ്മേളനങ്ങളിൽ അംഗീകരിക്കപ്പെടുന്ന പ്രമേയങ്ങളിൽ ഏറിയകൂറും പ്രയോഗത്തിൽ വരാതെ ഒന്നിനു മേലൊന്നായി നിദ്രാണസ്ഥിതിയിൽ അടിഞ്ഞുകിടന്നുപോകുന്ന ദയനീയകാഴ്ചയാണു തുടർന്നു പലനാളായി കണ്ടുവരാറുള്ളതു്. അത്യന്തം പ്രാധാന്യമുള്ള ഈ വിദ്യാഭ്യാസനിധിയെ സംബന്ധിച്ചിടത്തോളം പതിവിനു വിരുദ്ധമായി യോഗഭാരവാഹികൾ പ്രദർശിപ്പിച്ചു കാണുന്ന ഊർജ്ജസ്വലത പ്രശംസനീയമായിരിക്കുന്നു.

നിധിയുടെ മൂലധനമായി തല്ക്കാലം ഒരു ലക്ഷം രൂപയാണു പിരിച്ചെടുക്കുവാനുദ്ദേശിക്കുന്നതെങ്കിലും, അതിന്റെ പരിമാണലക്ഷ്യം അതിലും കവിഞ്ഞ വ്യാപ്തിയെ അവലംബിച്ചുള്ളതാണെന്നാണു് പറയപ്പെടുന്നതു്. ഇന്നത്തെ പരിതസ്ഥിതിയിൽ ഈഴവസമുദായത്തിന്റെ സാമ്പത്തികനില പൊതുവേ മോശമാണെന്നു ഒരുതരത്തിലും പറയാവുന്നതല്ല. സദുദ്യമങ്ങളുടെ നിർവഹണാർത്ഥം മുക്തഹസ്തം ധനസഹായം ചെയ്യാൻ കഴിവും സന്നദ്ധതയുമുള്ള നിരവധി സമ്പന്നന്മാർ അവരുടെ ഇടയിൽ ഇന്നുണ്ടു്. ഇതു് ഒരു ചിത്രത്തിന്റെ മോഹനവശമാണ്. കറുത്തു, ഇരുണ്ടു്, ബീഭത്സമായ അതിന്റെ മറെറവശവും നമുക്കു വിസ്മരിക്കാവുന്നതല്ല. വളരാൻ ഇടമോ, താങ്ങുവാൻ കൈയോ, കാണുവാൻ വെളിച്ചമോ ലഭിക്കാതെ നിരാലംബരായി കഴിയുന്ന നിരവധി സഹസ്രം ജനങ്ങൾ ഇന്നു ഈ സമുദായത്തിൽതന്നെയുണ്ടു്. അവർ നിരപരാധികളുമാണ്. "തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വായ്ക്കുന്ന" പ്രസ്തുതരത്നങ്ങൾ ശാണോൽഘർഷണത്തിനു് മാർഗ്ഗം ലഭിക്കാതെ നിഷ്പ്രഭങ്ങളായി ചളിക്കുണ്ടിൽ അടിഞ്ഞുകിടക്കുകയാണ് ചെയ്യുന്നതു്. ഈ ദുർദ്ദശയെ പരിഹരിക്കതന്നെവേണം. എങ്കിൽ മാത്രമേ ആ സമുദായം സമുദ്ധരിക്കപ്പെട്ടു എന്നു വരികയുള്ളു. ഒരു ജലാശയത്തിന്റെ ശുദ്ധി അതിലെ അടിത്തട്ടിന്റെ നൈർമ്മല്യത്തെ സമാശ്രയിച്ചാണിരിക്കുന്നതെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. അടിത്തട്ടിൽ അടിഞ്ഞുകിടക്കുന്ന ചപ്പും ചവറും നീക്കി, അവിടെങ്ങും നല്ല വെണ്മണൽ പാകണം. മണലിനു് വെണ്മവേണമെങ്കിൽ വെളിച്ചം തട്ടിയേ മതിയാവൂ. ആ വെളിച്ചം കൈവരുത്തുവാനുള്ള മഹനീയശ്രമമാണു് ഈ വിദ്യാഭ്യാസനിധിമൂലം യോഗപ്രവർത്തകന്മാർ സമാരംഭിച്ചിരിക്കുന്നതു്. ഈ പദ്ധതിയുടെ നിർവ്വിഘ്നമായ നിർവ്വഹണത്തിനു് ധാരാളം പണം വേണ്ടിയിരിക്കുന്നു. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടായിരിക്കണം ഒരു ലക്ഷംരൂപ താല്ക്കാലികമൂലധനമായി മാത്രം കല്പിച്ചുകൊണ്ടു്, നിധിയെ ക്ലിപ്തരഹിതമായി യോഗപ്രവർത്തകന്മാർ പ്രഖ്യാപനം ചെയ്തിട്ടുള്ളതു്. ആ പ്രഖ്യാപനസാരം പ്രബുദ്ധമായ ഈഴവസമുദായം ശരിക്കു മനസ്സിലാക്കുമെന്നും, തദനുസരണം വർത്തിച്ചു് ഈ നൂതനപദ്ധതിയെ അചിരേണ സാഫല്യപ്പെടുത്തു—മെന്നുള്ളതിൽ ഞങ്ങൾക്കു് യാതൊരു സംശയവുമില്ല.

പിരിച്ചെടുക്കുന്ന വിദ്യാഭ്യാസനിധിയിൽ നിന്നു ആണ്ടുതോറും ലഭിക്കുന്ന ആദായം സമുദായാംഗങ്ങളിൽ സാമർത്ഥ്യവും, സ്വന്ത നിലയിൽ ധനസംബന്ധമായ വൈഷമ്യമുള്ളവരുമായ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തെ വിശിഷ്യാ, സാങ്കേതികമായ ഉന്നതവിദ്യാഭ്യാസത്തെ സഹായിക്കാനായി ഉപയോഗിക്കണമെന്നാണു് പ്രവർത്തകന്മാരുടെ ഉന്നമെന്നു കാണുന്നു. സാങ്കേതികയോഗ്യതയോടുകൂടാതെയുള്ള വിദ്യാസമ്പന്നരുടെ ഇന്നത്തെ നിലതന്നെ അത്യന്തം ശോചനീയമായിരിക്കെ, സാ... നന്തര സംവിധാന കാലത്തെ അവസ്ഥാന്തരം എന്തായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഈ വസ്തുത ശരിക്കു് മനസ്സിലാക്കിക്കൊണ്ടുള്ള തീരുമാനത്തിൽ പ്രവർത്തകന്മാർ പ്രദർശിപ്പിച്ചു കാണുന്ന ഔചിത്യദീക്ഷ പ്രശംസനീയമായിരിക്കുന്നു. ഈ വിദ്യാഭ്യാസനിധിയിൽ നിന്നുമുള്ള ആദായം കേവലം ഈഴവ വിദ്യാർത്ഥികളുടെ ആവശ്യത്തിനായി മാത്രം വിനിയോഗിക്കുന്നതല്ലെന്നും, പ്രസ്തുത ആദായത്തിന്റെ 15 ശതമാനത്തിൽ കുറയാത്ത ഭാഗം ഹരിജന വിദ്യാർത്ഥികൾക്കായി മാററിവയ്ക്കുമെന്നുമുള്ളതാണു് മറെറാരു തീരുമാനം. അശരണരും അധഃകൃതരും ആയിരുന്ന അവശവർഗ്ഗങ്ങളെ ഒന്നാകെ ഉയർത്തുന്നതിനു വേണ്ടി സ്വജീവിതം അർപ്പിച്ച ശ്രീ നാരായണ പരമഹംസരുടെ പാവന നാമധേയത്തിൽ രൂപവൽക്കരിക്കപ്പെടുന്ന ഏതൊരു പ്രസ്ഥാനവും ആ നാമത്തിന്റെ പവിത്രതയെ അക്ഷരംപ്രതി അന്വർത്ഥമാക്കിക്കാണണമെന്നു നിർബന്ധമുള്ളവരാണു് ഞങ്ങൾ. ആ സ്ഥിതിക്കു് ആ മഹാത്മാവിന്റെ മഹനീയാഭിധാനത്തിൽ ഏർപ്പെടുത്തുന്ന ഈ നിധിയുടെ വിനിമയം സംബന്ധിച്ചു് ചെയ്തിരിക്കുന്ന ഈ തീരുമാനം ഞങ്ങളെ അത്യന്തം ആനന്ദിപ്പിക്കതന്നെ ചെയ്യുന്നു. വിദ്യാഭ്യാസ നിധിക്കും വിജ്ഞന്മാരായ അതിന്റെ പ്രണേതാക്കൾക്കും, ഞങ്ങൾ ഭാവുകമാശംസിക്കുന്നു.

### സമരകാരണം

ലോകത്തെ പൊതുവെ ബാധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ അത്യന്തം രൂക്ഷമായ സമരവഹ്നിയും, അതിന്റെ തീവ്രയാതനകളും അവയുടെ മൂർദ്ധന്യദശയിൽ എത്തിയിരിക്കയാണല്ലോ. നിർദ്ദോഷരും നിരപരാധികളുമായ ജീവജാലങ്ങളുടെ സ്വൈരജീവിതം പോലും വിഘാതപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കൊടും ശാപത്തിന്റെ മൂലകാരണത്തെ പററിയുള്ള ബുദ്ധിപൂർവ്വകമായ ഒരു അന്വേഷണം ലോകോത്തരന്മാരായ പലരിലും ഇടയിടെയായി കണ്ടുതുടങ്ങിയിട്ടുണ്ടു്. അന്വേഷകൻ ഒരു സേനാനിയാണെങ്കിൽ അയാ...

ഷ്ടീയമായി തിരിയുന്നു.; നിയമജ്ഞാനനാണെങ്കിൽ അയാളുടെ ബുദ്ധി നൈയ്യായികമായി തിരിയുന്നു. കേവലം സാങ്കേതികമായ ഇക്കൂട്ടരുടെ അന്വേഷണ ബുദ്ധികൾക്കൊന്നും ആത്മാർത്ഥയുടെ ആവശ്യമില്ല. ആകയാൽ ഏകലക്ഷ്യാവലംബങ്ങളായ അവരുടെ അന്വേഷണബുദ്ധികളിൽ സമരത്തിൻെറ മൂലകാരണം അതിൻെറ തനിരൂപത്തിൽ പരിപൂർണ്ണമായി നിഴലിച്ചു എന്നു വരുന്നതല്ല. ജീവകാരുണ്യമൂർത്തികളായ മഹാത്മാക്കളുടെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ അന്വേഷണദൃഷ്ടികൾക്കു മാത്രമേ അത്തരം വിഷമപ്രശ്നങ്ങൾപോലും അതിൻെറ വിശകലനരൂപത്തിൽ സംദൃഷ്ടമാകയെന്നു വരികയുള്ളൂ. ഇന്നത്തെ സമരത്തെ സംബന്ധിച്ചിടത്തോളം ഏതാദൃശമായ ഒരു അന്വേഷണവും അതിൻെറ ഫലപ്രസ്താവനയുമാണ്. സെൻറ് പീറ്റേഴ്സ് ബർഗ് സ്ക്വയറിൽ കൂടിയ ഒരു വലിയ ജനസഞ്ചയത്തെ അഭിമുഖീകരിച്ചുകൊണ്ട് അഭിവന്ദ്യനായ മാർപ്പാപ്പാ അവർകൾ ഈയിടെ നിർവഹിച്ചിരിക്കുന്നതു്

അഹംഭാവവും, അത്യാഗ്രഹവും, ഭൗതികശക്തിയുടെ ദൃഢീകരണവും കൂടി സൃഷ്ടിച്ച ഭിന്നതയാണ് അദ്ദേഹം സമര കാരണമായിക്കാണുന്നതു്. അതിരുകടന്ന ദേശീയബോധം, വർഗ്ഗവും വംശപരവുമായ അഹംബുദ്ധി, ലൗകിക സൗഭാഗ്യങ്ങളുടെ നേർക്കുള്ള ആരാധന എന്നിവയെ പരിത്യജിക്കയെന്നതാണ് അക്രമത്തിൻെറ പ്രവാചകന്മാരുടെ അടിമകളായിത്തീർന്നിട്ടുള്ളവർക്ക് രക്ഷാമാർഗ്ഗമായി അദ്ദേഹം നൽകുന്ന ഉപദേശം. വർഗ്ഗങ്ങൾ തമ്മിൽ സൃഷ്ടിക്കുന്ന തീരുമാനം നീതിയിലും പരിശുദ്ധതയിലും സ്ഥാപിതമാകുന്നില്ലെങ്കിൽ അതു ശാശ്വതമായിരിക്കുകയില്ലെന്നും, തന്മൂലം സമാധാനമുണ്ടാകുമ്പോൾ നീതിയുടെ

**മദനൻ**

അതിയായ ക്ഷീണം, ഉത്സാഹക്കുറവു്, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവ്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൗന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. 6 വയസ്സിനു മേലുള്ള സ്ത്രീപുരുഷന്മാർക്കു ഉപയോഗിക്കാം വിശേഷ പഥ്യങ്ങൾ ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്കു് 2 ക. മാത്രം

ക്ഷയം, ഭ്രാന്തു, അപസ്മാരം കാസം മുതലായവയ്ക്കു് പ്രത്യേകം ചികിത്സ ചെയ്യുന്നതാണ്

**ശ്രീമദ് രാമാനന്ദസ്വാമികൾ സിദ്ധവൈദ്യാശ്രമം**

ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം

H. O. Trichur.

നിയമങ്ങൾക്കു വിരുദ്ധമായിപ്പോഴത്തെ ദയനീയസ്ഥിതിയെ ഉപയോഗപ്പെടുത്തരുതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. രോഗത്തിൻെറ മൂലകാരണം കണ്ടറിഞ്ഞുകൊണ്ട് ലോകത്തിൻെറ നിത്യശാന്തിക്കായി ഉള്ളഴിഞ്ഞു ചെയ്യുന്ന അനവദ്യമായ ഈ ഉപദേശം കേൾക്കുവാനുള്ള കാതൊ, ഉൾക്കൊള്ളുവാനുള്ള ഹൃദയമൊ സമരാസക്തികൊണ്ടു് മത്തുപിടിച്ച ഇന്നത്തെ കിരാതലോകത്തിനുണ്ടോ എന്നുള്ളതാണ് സംശയം. എന്നാൽ ഈ പ്രമത്തലോകം ഇന്നല്ലെങ്കിൽ നാളെ ഒരു കാലത്തു് അതിൻെറ ചതഞ്ഞു മുറിഞ്ഞു ദുർബ്ബലപ്പെട്ട ദയനീയസ്ഥിതിയുമായി ഈ ദിവ്യോപദേശലബ്ധിക്കു വേണ്ടി കേണിരന്നു അലഞ്ഞു തിരിയേണ്ടിവരുമെന്നുള്ളതു യാഥാർത്ഥ്യം മാത്രമാകുന്നു. ലോകത്തിൻെറ ശാശ്വതശാന്തിക്കു അവശ്യം വേണ്ടതായ ആ കാലം അചിരേണ സമാഗതമാകട്ടെ എന്നു ഞങ്ങളും പ്രാർത്ഥിക്കുന്നു.

---

**"ശ്രീ നാരായണൻ" ചലച്ചിത്രം**

ഗുരുദേവരുടെ ജീവിതാദർശങ്ങൾ കണ്ട ഭാഗങ്ങളായ് ചലച്ചിത്രീകരിക്കുവാനുള്ള പ്രാരംഭപ്രവർത്തനം തുടങ്ങിയിരിക്കുന്നു. മിശ്രവിവാഹം, വൈക്കം സത്യാഗ്രഹം, സർവ്വമതസമ്മേളനം ക്ഷേത്രപ്രവേശനം തുടങ്ങിയ സംഭവങ്ങളെ തന്മയമായും നാനാസംപരിപുഷ്ടമായും ചിത്രീകരിക്കുന്നതായിരിക്കും. അനുരൂപരായ നടീനടന്മാരെ തിരഞ്ഞെടുത്തു് ആലുവായിൽ വെച്ച് പരിശീലനം നൽകുന്നതാണ്. മദിരാശി ജെമിനി സ്റ്റുഡിയോ ഫിലിം ഡയറക്ടരും മലയാളിയുമായ ശ്രീ. പി. എൻ. റാവു ശ്രീ നാരായണഫിലിം ഡയറക്ക് ചെയ്യാമെന്ന് സദയം സമ്മതിച്ചിരിക്കുന്നു. ദേവാസ്സ് സ്റ്റേററിലെ റാണി പ്രഭാവതിദേവി ശിവഗിരി രംഗത്തിൽ ഒരു ഉപാസികയുടെ ഭാഗം ഫിലിമിൽ അഭിനയിക്കുന്നതായിരിക്കും. ധനാഢ്യന്മാരും, സുപ്രസിദ്ധന്മാരുമായ പലരും ഡയറക്ടർമാരായ് ചേർന്നുകഴിഞ്ഞു. ചരിത്രസംബന്ധമായും മററുമുള്ള നിർദ്ദേശങ്ങൾ മഹാശയന്മാരിൽനിന്നു് പ്രതീക്ഷിക്കുന്നു.

ശ്രീ നാരായണഫിലിംസ് ആശ്രമം, ആലുവാ

**ഗോൾഡ്—ഇൻ—വിററാ**

രക്തമില്ലാതെ വിളറിശുഷ്കമായ ശരീരത്തിൽ ധാരാളം രക്തത്തെ ഉളവാക്കി ജീവിതചൈതന്യത്തെ വളരെക്കാലം നിലനിറുത്തുന്നതിനു ഏററവും പററിയ ഒരു ടോണിക്കു്. പ്രസവശേഷം സ്ത്രീകൾക്കത്യുത്തമം.

എല്ലാ പ്രധാന മരുന്നുഷാപ്പിലും കിട്ടും.

നിർമ്മാതാക്കൾ എസ്സ്. വി. ആർ. ഏ ഫാർമസി (Reg) ആലപ്പുഴ.

ചെറുകഥ

# പൂനിലാവ്

എം. ബി. ജി. അമ്മ, ബി. എ.

പ്രശാന്തരമണീയമായ ഒരു സായാഹ്നം. ചരമഭാസ്കരൻ അരുണകിരണങ്ങളാൽ കുങ്കുമാഭമാക്കപ്പെട്ട സമുദ്രതരംഗങ്ങളിൽ ആഞ്ഞുലഞ്ഞുകൊണ്ട് ഒരു ചെറിയ നൌക സച്ഛന്ദം പ്രയാണം ചെയ്യുന്നു. ആ കപ്പലിന്റെ മുകൾത്തട്ടിൽ മന്ദമാരുതന്റെ വീജനമേററുകൊണ്ടു രണ്ടുമൂന്നു പേർ ഇരിക്കുന്നുണ്ട്. അവർ സഞ്ചരിച്ചിരുന്ന യാനപാത്രം അതിശീഘ്രത്തിൽ തന്നെ അതിന്റെ ഗതി തുടർന്നു കൊണ്ടിരുന്നു. പ്രഭാകരകിരണങ്ങൾ ക്രമേണ അപ്രത്യക്ഷങ്ങളായിത്തുടങ്ങി. ദിനദേവൻ ചരമാംബുധിയിൽ മറഞ്ഞുകഴിഞ്ഞു. അതുവരെയും നിഷ്പ്രഭമായിരുന്ന ശശികല ആകാശത്തിൽ തെളിഞ്ഞുകഴിഞ്ഞു. സന്ധ്യാസമയത്തിലെ കുളിർകാററേററ് ആനന്ദിച്ചുകൊണ്ടിരുന്ന ആ യാത്രക്കാരെ നോക്കി ആ ബാലേന്ദുബിംബം പുഞ്ചിരിക്കൊള്ളുന്നതു പോലെ ഒരു പൂനിലാവൊളി അവിടമെങ്ങും പരന്നു.

മാതാപിതാക്കളെപ്പിരിഞ്ഞു സ്വരാജ്യത്തു താമസിച്ചിരുന്ന പ്രിയപുത്രന്റെ പുനഃസന്ദർശനം ലഭിക്കുന്നതിനായി ഇൻഡ്യയിലേക്കു പുറപ്പെട്ടിരുന്ന ശിവദാസ്—അതേ ആഫ്രിക്കയിലെ ഒരു ഭരണമേധാവിയായിരുന്നു, സാമ്രാജ്യത്തിലെ ഒരു പ്രധാന ഉദ്യോഗസ്ഥൻ എന്ന നിലയിൽ തനിക്കുള്ള കൃത്യങ്ങൾ വിജയകരമാംവണ്ണം നിർവഹിച്ചതിനുശേഷം ഇൻഡ്യയിലേക്കു പുറപ്പെട്ടിരുന്നു. ഡാക്ടർ ശിവദാസ്, പ്രിയപത്നി രാധാദേവിയോടും ഓമനശിശുവായ ശാന്തകുമാരിയോടുംകൂടി സംസാരിച്ച് ആനന്ദിച്ച് കൊണ്ടിരിക്കുന്നതാണ് നാം കാണുന്നതു്. അന്ന് ശാന്ത ഒരു ചെറിയ കുട്ടിമാത്രമായിരുന്നു. അഞ്ചുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ കോമളബാലികയുടെ ലീലാവിനോദങ്ങൾ എല്ലാവർക്കും ആനന്ദപ്രദങ്ങളായിരുന്നു. ആഫ്രിക്കൻ ചെങ്കടൽ തീരത്തിൽ സ്ഥിതിചെയ്തിരുന്ന 'മോഹനസൌധ'മായിരുന്നു ശാന്തകുമാരിയുടെ ബാല്യകാലത്തിലെ കേളീരംഗം. തന്റെ ഓമനപുത്രിയുടെ ലാളനശുശ്രൂഷാദികളിൽ ബദ്ധശ്രദ്ധയായിട്ടായിരുന്നു രാധാദേവി അധികസമയവും നയിച്ചു വന്നിരുന്നതു്. ഇപ്രകാരം സകല സൌഭാഗ്യങ്ങളോടുംകൂടി ശാന്തകുമാരി അവളുടെ ജീവിതദശയിലെ ആദ്യഘട്ടം കഴിച്ചുകൂട്ടി. മോഹനസൌധവും അതിന്റെ ചുററുമുണ്ടായിരുന്ന മനോഹരാരാമവും വിട്ടുപിരിയുന്നതിന് ശാന്തകുമാരിക്ക് ലേശംപോലും ഇഷ്ടമില്ലായിരുന്നു. എങ്കിലും തനിക്ക് ഇതേവരെയും ഒന്നുകാണുന്നതിനുപോലും സാധിച്ചിട്ടില്ലാതിരുന്ന തന്റെ സഹോദരന്റെ സഹവാസസുഖം ലഭിക്കുന്നതിന് അവൾക്കുണ്ടായിരുന്ന ആഗ്രഹം അവളെ ഇൻഡ്യയിലേക്കാകർഷിച്ചു. ഏതായാലും തന്റെ ശൈശവകാലങ്ങളിലെ വിഹാരരംഗമായിരുന്ന ആ ഭവനം വിട്ടുപിരിയുന്നതിനുതന്നെ അവൾ തീർച്ചയാക്കി.

സമയം അർദ്ധരാത്രിയായി. ശാന്തകുമാരി അച്ഛന്റെ മടിയിൽ കിടന്നുറങ്ങിക്കഴിഞ്ഞിരുന്നു. സ്വരാജ്യത്തുചെന്നെത്തിയാലുടൻ തങ്ങൾക്കുണ്ടാകാൻ പോകുന്ന പുത്രസന്ദർശനാനന്ദത്തെ ഓർത്തു ഉൽകണ്ഠാഭരിതരായിരുന്ന ആ ദമ്പതികൾക്കു സമയംപോയതറിഞ്ഞില്ല. സുസ്മേരസുന്ദരിയായിരുന്ന ആ പനിമതിബിംബം അനന്തമായ അന്ധകാരത്തിലേക്കു പോയിമറഞ്ഞു. ഏതാനും ചില താരാഗണങ്ങൾ മാത്രം വിപ്രകീർണ്ണങ്ങളായി നഭോമണ്ഡലത്തിൽ മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. രാത്രി ഏകദേശം അവസാനിക്കാറായി. ത്വരിതഗമനം ചെയ്തുകൊണ്ടിരുന്ന ആ പോതപാലിക അപ്രതിക്ഷിതമായി ഒരു പാറയിൽ ചെന്നടിച്ചു. കപ്പലിന്റെ അടിത്തട്ടു തകർന്നു. സംഭ്രാന്തരായ യാത്രക്കാരുടെ ദീനാക്രന്ദനം നാലുപാടും മുഴങ്ങി. കപ്പലിന്റെ ഛിന്നഭിന്നമായ അടിത്തട്ടിൽകൂടി വെള്ളം അതിശക്തിയായി അകത്തുപ്രവേശിച്ചു. ശാന്തയെയുംകൊണ്ടു രക്ഷപ്പെടുന്നതിനു ശ്രമിച്ച ആ ദമ്പതികൾ ഒടുവിൽ നിരാശരാകുകയാണു ചെയ്തതു്. തങ്ങളുടെ ജീവനെ ജഗദീശ്വരനിൽ സമർപ്പിച്ച് നിദ്രയിൽ ലയിച്ചുകിടക്കുന്ന—ഒരു പക്ഷേ അവൾക്കതു് ദീർഘനിദ്രതന്നെയായേക്കാം—തങ്ങളുടെ ആ ഓമനസന്താനത്തെ നിർന്നിമേഷരായി നോക്കി കണ്ണുനീർ പൊഴിച്ചുകൊണ്ട് അവർ നിശ്ചേഷ്ടരായി അവിടെത്തന്നെ നിന്നു. ക്രമേണ കപ്പൽ ജലത്തിനടിയിൽ മറഞ്ഞുതുടങ്ങി. ഘോരമായ അന്ധകാരം അവിടമെങ്ങും വ്യാപിച്ചു. കപ്പലിലുണ്ടായിരുന്നവരെല്ലാംതന്നെ ഓരോരുത്തരായി ദുർവിധിക്കടിമപ്പെട്ട് സമുദ്രത്തിനടിയിൽ അപ്രത്യക്ഷരായിത്തുടങ്ങി. അവരുടെ കൂട്ടത്തിൽ ശിവദാസും രാധാദേവിയും ഉൾപ്പെട്ടിരുന്നു. ശാന്തം! പാപം!!

## II

മനോമോഹനമായ നദീതീരം. അവിടെ അത്യുന്നതമായ ഒരു സൌധം സ്ഥിതിചെയ്യുന്നു. ആ മണിമാളികയുടെ മുൻവശത്തു് വിലസിതകുസുമങ്ങളാൽ പ്രശോഭിതമാക്കപ്പെട്ടിരുന്ന ഒരാരാമം നയനാനന്ദപ്രദമായി ലാലസിക്കുന്നു. സായാഹ്നവേളകളിൽ വിശ്രമാർത്ഥം ആ പൂന്തോട്ടത്തിൽ വരുന്നവരുടെ ആവശ്യത്തിനായി ഏതാനും ചാരുബെഞ്ചുകൾ അതിലിട്ടിട്ടുണ്ട്. ഒരു ദിവസം പകൽ ഏതാണ്ട് അവസാനിക്കാറായിരിക്കുന്നു. വിശേഷരീതിയിൽ വസ്ത്രധാരണം ചെയ്തിട്ടുള്ള ഒരു യുവതി നമ്രവദനയായി ഒരു ബെഞ്ചിൽ ഇരിക്കുന്നുണ്ടായിരുന്നു. ഏതോ ഒരു വിഷാദഛായ അവളുടെ ആ കോമളവദനത്തിൽ നിഴലിച്ചിരുന്നു. സൌന്ദര്യവതിയായ അവളുടെ ആ സുകുമാരകളേബരത്തിൽ താരുണ്യം എത്തിനോക്കാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. ചരമാബ്ധി പൂകാറായ ഭാനുമാന്റെ അരുണാംശുക്കളേററ് രക്തരേഖാങ്കിതമായിത്തീർന്നിരുന്ന ആ മനോഹരവക്ത്രത്തിൽ പ്രതിഫലിച്ചുകാണുന്ന കളങ്കഛായ എന്തായിരിക്കാം? ദിവാസ്വപ്നത്തിലോ മനോരാജ്യത്തിലോ മുഴുകിയിരുന്നതുകാരണം സമയം പോയതു് അവളറിഞ്ഞില്ല. സൂര്യാസ്തമനത്തിനുശേഷം ആകാശത്തിൽ തെളിഞ്ഞുവന്ന പനിമതിബിംബം അവളുടെ മേൽ പൂനിലാവൊളി കോരിച്ചൊരിഞ്ഞു. എന്നാൽ അവയ്ക്ക് അവളെ അവളുടെ ചിന്തയിൽ നിന്നും ഉണർത്താൻ കഴിഞ്ഞില്ല. ആരാമത്തിലെ പ്രഫുല്ലങ്ങളായ കുസുമങ്ങളിൽ തട്ടിവരുന്ന സൌരഭ്യവാഹിയായ മന്ദാനിലൻ അവളെ സാവധാനം സ്പർശിച്ചു. അതും അവൾ അറിയുന്നില്ല. പിന്നിൽ കൂടി അവ

ളുടെ അടുത്തു വന്നു നിൽക്കുന്ന സുമുഖനായ ആയുവാവിനേയും അവൾ കാണുന്നില്ല. നീലസ്നിഗ്ദ്ധ പക്ഷ്മനിബിഡങ്ങളായ അവളുടെവിലോലലോചനങ്ങളിൽനിന്നും രണ്ടു മുത്തുമണികൾ അവൾ അറിയാതെ അടർന്നുവീണു. അയാൾ ചോദിച്ചു:—"ശാന്തേ!നീ കരയുകയാണോ?" ശബ്ദം കേട്ടു് അവൾ ഞെട്ടിയെഴുന്നേററു. "നീ എന്തിനു കരയുന്നു.?" അയാൾ വീണ്ടും ചോദിച്ചു. ശാന്തകുമാരിയിൽ നിന്നും സംസാരിക്കാനുള്ള ശക്തി നിശ്ശേഷം വിട്ടുപോയിരുന്നു. ക്ഷീണയായിഅവൾ അവിടെത്തന്നെയിരുന്നു എങ്കിലും അവൾ പറഞ്ഞു:—

"വിനയൻ! എനിയ്ക്കു പോകാനനുവാദം തരിക. നാം തമ്മിൽ ഇനി ഒരു കാലത്തും കണ്ടില്ല എന്നു വന്നേക്കാം. എന്നാലും സന്തോഷമായി എന്നെ യാത്രയയയ്ക്കുക."

ഈ വാക്കുകൾ അയാൾക്കു ഹൃദയഭേദകങ്ങളായിരുന്നു. എന്തു്? താൻ പ്രാണനേക്കാൾ സ്നേഹിച്ചിരുന്ന ശാന്ത എന്നെന്നേയ്ക്കുമായി തന്നെ വിട്ടുപിരിഞ്ഞുപോകുന്നു എന്നോ? പിതൃവ്യനോടും സഹോദരനോടുമൊന്നിച്ചു് വിജയപുരത്തേയ്ക്കു പോകാൻ ഭാവിക്കുന്ന ശാന്ത ഇനി ഇങ്ങോട്ടു മടങ്ങുകയില്ലായിരിക്കാം. അവളെ—അതെ, താൻ സ്വവല്ലഭയായി മനോരാജ്യത്തിൽ പ്രതിഷ്ഠിച്ചിരുന്നതും പ്രണയത്താൽ തന്നോടു ബന്ധിക്കപ്പെട്ടിരുന്നതുമായ ആ യുവതിയെ—ശാന്തകുമാരിയെ അനുഗമിക്കുന്നതിനു്, ജനനഗൃഹം വിട്ടു വേറൊരിടത്തും പോകുകയില്ലെന്നു് ശഠിച്ചുകൊണ്ടിരിക്കുന്ന വൃദ്ധയായ മാതാവിനെ സമ്മതിപ്പിക്കുന്നതിനും സാദ്ധ്യമല്ലാത്ത പരിതസ്ഥിതിയിൽ ശാന്തകുമാരിയെ വിട്ടു പിരിയണമല്ലോ എന്നോർത്തപ്പോൾ അയാളുടെ ഹൃദയം വെന്തു നീറുകതന്നെ ചെയ്തു. എന്തുചെയ്യട്ടെ! യാതൊരു നിവൃത്തിയുമില്ലാതെ, അയാൾ വിഷമിച്ചു. നിരാശ്രയനായി അയാൾ അവിടത്തന്നെനിന്നു. അയാൾ വിചാരിച്ചു:—

"ശാന്തകുമാരിയെ സ്വന്തപുത്രിയെപ്പോലെ അമ്മ സ്നേഹിക്കുന്നുണ്ടു. എങ്കിലും അവളുടെകൂടെ പോരുന്നതിനു് അമ്മയ്ക്കിഷ്ടമില്ല. ഞങ്ങളുടെ സഹവാസം ശാന്തയുടെ പിതൃവ്യനു് ഒട്ടും സഹ്യമായി തോന്നുന്നില്ലായിരിക്കാം. ഞങ്ങളെ തമ്മിൽ അകററുന്നതിനാണല്ലോ ഇപ്പോൾ അവർ വിജയപുരത്തിലേക്കു പോകുന്നതും. കഷ്ടം! എന്തിനു ഞാൻ അവരെ അനുഗമിച്ചു് നിർദ്ദോഷയായ ഒരു ബാലികയുടെ ജീവിതം ദുഃഖഭൂയിഷ്ഠമാക്കാൻ തുനിയുന്നു? ഈ ദുഃഖം ഞാൻ ഏകാകിയായി അനുഭവിച്ചുകൊള്ളാം. ഹൃദയം വെന്തു നീറിത്തന്നെ എന്റെ ജീവിതം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. എന്റെ പ്രണയത്തെപ്പററി അവൾ അറിഞ്ഞിട്ടില്ലായിരിക്കാം. ഇനിയും അവളെ അറിയിക്കണമെന്നു ഞാൻ വിചാരിയ്ക്കുന്നുമില്ല. പരിപാവനയായ ഈ ബാലികയോടുകൂടി" അയാളുടെ ചിന്താസരണി ഇത്രയുമായപ്പോഴത്തേയ്ക്കും അവൾ വീണ്ടും ചോദിച്ചു.

"എന്തു്? സമാധാനമായി എനിക്കു യാത്രാനുമതി നൽകുകയില്ലേ?" പെട്ടെന്നുണ്ടായ ഹൃദയോദ്വേഗത്തെ അമർത്തിക്കൊണ്ടു് അയാൾ പറഞ്ഞു. "ശാന്തേ! നീ പോകുക. സന്തോഷമായിത്തന്നെ പോകുക. ഇനിയും നാം തമ്മിൽ കാണുന്നതിനു് ദൈവം അനുവദിക്കുയാണെങ്കിൽ അന്നു നമുക്കു കണ്ടുകൊള്ളാം.?"

അവൾ പോയ്കഴിഞ്ഞു. കണ്ണിൽ നിന്നു മറയുന്നതുവരെ അയാൾ അവളെത്തന്നെ നോക്കിനിന്നു. പെട്ടെന്നു് അയാൾ മുകളിലോട്ടു നോക്കി. ആ വിയോഗാവസരത്തിൽ യാതൊരു വ്യസനവും പ്രത്യക്ഷപ്പെടുത്താതെ ആ ചന്ദ്രബിംബം അപ്പോഴും അയാളെ നോക്കി പുഞ്ചിരി തൂകിക്കൊണ്ടിരുന്നു. അതിനെ അയാൾ ശപിക്കുകതന്നെ ചെയ്തു. മനോരാജ്യത്തിൽ മുഴുകി എത്രനേരം അയാൾ അവിടെ നിന്നിരുന്നു എന്നു് അയാൾക്കു് യാതൊരു നിശ്ചയവുമില്ല. ഒടുവിൽ മാതാവിന്റെ വിളികേട്ടാണു് വിനയൻ അവിടെ നിന്നും പോയതു്.

ഇപ്രകാരം വിനയനോടു് യാത്ര പറഞ്ഞുപോയ ആ യുവതി ആരായിരിക്കാം.? അവൾ നമുക്കു തീരെ അപരിചിതയല്ല. ഏതാനും വർഷങ്ങൾക്കു മുമ്പു് ആലപ്പുഴയിലെ 'മോഹന സൌധത്തിൽ ശിവദാസിന്റെയും രാധാദേവിയുടെയും വാത്സല്യ ഭാജനമായി വളർന്നു വന്നിരുന്ന ശാന്ത —അന്നത്തെ ഘോരമായ ആ അത്യാഹിതത്തിൽ—ആ കപ്പൽ ഛേദത്തിൽ— അതേ താൻ കണ്ടിട്ടുപോലുമില്ലാതിരുന്ന കൊച്ചു സഹോദരിയേയും തന്റെ പ്രിയപ്പെട്ട മാതാപിതാക്കളേയും കാണുന്നതിനു ഉൽക്കണ്ഠയോടുകൂടി നിന്നിരുന്ന മോഹനനെ നിരാശനാക്കിയ ആ കപ്പൽച്ഛേദത്തിൽ മാതാപിതാക്കളെ വേർപിരിഞ്ഞു പോയ ശാന്തയെയാണു നാം കാണുന്നതു്. പിതൃവ്യനോടും സ്നേഹിതനായ വിനയനോടും കൂടി മാതാപിതാക്കളെ എതിരേൽക്കുന്നതിനായി സമുദ്രതീരത്തിൽ എത്തിയിരുന്ന മോഹനനു ലഭിച്ചതു് കപ്പൽക്കാർ ഏതുവിധത്തിലൊ രക്ഷപ്പെടുത്തികൊണ്ടു വന്നിരുന്നതായ ശാന്തയുടെ നിശ്ചേഷ്ടശരീരം മാത്രമായിരുന്നു. മോഹനന്റെയും വിനയന്റെയും ശ്രദ്ധാപൂർണ്ണമായ ശുശ്രൂഷാദികൾ മൂലം അവൾ ക്രമേണ സുഖം പ്രാപിച്ചു. ഏതാനും വർഷങ്ങൾ മോഹനവിനയന്മാരോടുകൂടി അവിടെ കഴിച്ചതിനു ശേഷം ഇപ്പോൾ അവൾ അവിടെ നിന്നും അകന്നു പോകുകയാണു്. അവൾക്കതു് ഹൃദയഭേദകമായിരുന്നു. എങ്കിലും കരുണയോടും വാത്സല്യത്തോടും കൂടിതന്നെ വളർത്തിയിരുന്ന പിതൃവ്യന്റെ ആജ്ഞയെ നിരസിക്കുവാൻ അവൾക്കു നിർവ്വാഹമില്ലായിരുന്നു.

ശാന്തകുമാരി പോയതിനു ശേഷവും വിനയൻ അവളെ മറന്നിരുന്നില്ല. അവളുടെ കോമളവദനം സദാസമയവും അയാളുടെ നേത്രങ്ങൾക്കു് ഗോചരങ്ങളായിരുന്നു. ഇപ്രകാരം ശാന്തകുമാരിയെ പററിയുള്ള വിചാരം മൂലം കേവലം ഒരു മൌനിയായിതന്നെ അയാൾ ജീവിതം നയിച്ചു വന്നു.

## III

പോലീസ് ഇൻസ്പെക്ടർ വിനയചന്ദ്രൻ ഇപ്പോഴും അവിവാഹിതനാണു്. ജനബഹുലമായ കൽക്കട്ടാ പട്ടണത്തിൽ താമസിച്ചിരുന്ന അയാൾക്കു് ആത്മസുഹൃത്തായി ഉണ്ടായിരുന്നതു് ഡാക്ടർ കുസുമചന്ദ്രൻ മാത്രമായിരുന്നു. ഏകദേശം എട്ടു വർഷം കഴിഞ്ഞിരുന്നു എങ്കിലും ശാന്തകുമാരിയെപ്പററിയുള്ള വിചാരം അയാളെ വിട്ടുമാറിയിരുന്നില്ല. വിശ്രമാവസരങ്ങൾ മുഴുവനും അയാൾ തന്റെ പ്രണയഭാജനത്തെ—അതെ—ശാന്തകുമാരിയെപ്പററി ചിന്തിച്ചുകൊ

ങ്ങിരിക്കുകപതിവായിരുന്നു. ഈ വിചാരം അയാളെ മിക്കവാറും നിരുന്മേഷനാക്കിയിരുന്നു. തന്റെ പ്രാണസ്നേഹിതനായ കസുമചന്ദ്രനെ സന്ദർശിക്കുന്നതിനു മാത്രമേ അയാൾ ഗൃഹത്തിൽനിന്നുംപുറത്തിറങ്ങിയിരുന്നുള്ളു.

ഒരു ദിവസം — അന്ന് വിശ്രമ ദിവസമായിരുന്നു — സായാഹ്നത്തിൽ ഏതോ ആവശ്യത്തിനായി വിനയചന്ദ്രൻ വീട്ടിൽനിന്നും തിരിച്ച് തന്റെ സ്നേഹിതന്റെ ഗൃഹാങ്കണത്തിൽ ചെന്നു കയറി. അപ്പോൾകസുമചന്ദ്രൻ അവിടെയില്ലാതിരുന്നു. എങ്കിലും പ്രത്യേകമായ യാതൊരുദ്ദേശ്യവും കൂടാതെ അയാൾ പൂമുഖത്തിട്ടിരുന്ന ഒരു കസാലമേൽ ഉപവിഷ്ടനായി. ഏതാണ്ടൊരു സ്വപ്നബാധിതനെപ്പോലെ അയാൾ അവിടെയിരുന്നു.

“തനിയെ ഇരുന്നു മുഷിഞ്ഞെന്നുണ്ടോ? അതോ ഞാൻവന്നതു മൌന പരിശീലനത്തിന് ഭംഗമായിയെന്നുണ്ടോ?” എന്നുള്ള ഹൃദയാവർജ്ജകമായ ഒരു സ്ത്രീശബ്ദം ചിന്താവിഷ്ടനായ അയാളുടെ ശ്രവണപഥത്തിൽ എത്തിച്ചേർന്നു. പെട്ടെന്ന് അയാൾ തലയുയർത്തി ഹാ! സുകുമാരകളേബരയായ ഒരു തരുണീമണിയാണ് അയാളുടെ അക്ഷികൾക്ക് ലക്ഷീഭവിച്ചതു്.

തന്റെ സ്നേഹിതന്റെ സഹോദരി ലീലയെ പററി അയാൾ കേട്ടിട്ടുണ്ടായിരുന്നതല്ലാതെ ഇതുവരെയും അവളെ ദർശിക്കുന്നതിന് അയാൾക്കു സൌകര്യം ലഭിച്ചിരുന്നില്ല; അയാൾ അതിന് ആശിച്ചിരുന്നുമില്ല. ഈ സൌന്ദര്യധാമം കസുമചന്ദ്രന്റെ സഹോദരിതന്നെ എന്നു അയാൾ തീർച്ചപ്പെടുത്തി. പ്രഥമ വീക്ഷണത്തിൽ തന്നെ ആ യുവതിയുടെ കോമളവിഗ്രഹം അയാളുടെ ഹൃദയത്തിൽ സ്ഥലംപിടിച്ചുകഴിഞ്ഞിരുന്നു. അയാൾ പറഞ്ഞു:- ‘അല്ലേ ഭവതി എന്റെ മൌനത്തെ ഭഞ്ജിച്ചു. മേലിൽ ഭഞ്ജിക്കുകയേ ചെയ്യും. ഞാൻ—’’ ഇത്രയുമായപ്പോഴേയ്ക്കും വിചാരമില്ലാതെ താൻ പറഞ്ഞുപോയ വാക്കുകളെ ഓർത്ത് അയാൾ ലജ്ജിച്ചു. അയാളുടെ വക്ത്രം നമ്രമായി. ചിന്താപാരവശ്യത്തോടെ അയാൾ അവിടെ ഇരുന്നു. ആ യുവതി പെട്ടെന്ന് അവിടെനിന്നും അപ്രത്യക്ഷയായി. അല്പസമയത്തിനുള്ളിൽ കാപ്പിയുമായി അവൾ തിരിച്ചെത്തി. യാതൊന്നും സംസാരിക്കാതെ അയാൾ അവളുടെ സൽക്കാരം സ്വീകരിച്ച് വീണ്ടും വിചാരമഗ്നനായി അങ്ങനെ ഇരുന്നു. ലീല അവിടെ നിന്നും പോയതു് അയാൾ അറിഞ്ഞതേയില്ല.

അയാളുടെ വിചാരധാര ഏതാണ്ട് പകുതിയായപ്പോഴത്തേയ്ക്കും ഡാക്ടർ തിരിച്ചെത്തി. സ്നേഹിതന്മാർ രണ്ടുപേരും നർമ്മസല്ലാപത്തിൽ ലയിച്ചു. ആനന്ദനിമഗ്നരായ അവർ രാത്രിയാകുന്നതുവരെ സംസാരിച്ചുകൊണ്ടിരുന്നു. ഗൃഹത്തിലേക്കുപോകാനായി വിനയചന്ദ്രൻ അവിടെനിന്നും തിരിച്ചു. വിചാരമഗ്നനായ അയാളുടെ ഹൃദയത്തിൽ ശാന്തകുമാരിയേയും ലീലയേയും പററിയുള്ള ചിന്തകൾ മാറി മാറി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. യാതൊരുന്മേഷവുമില്ലാതെ അയാൾ ദിവസങ്ങൾ കഴിച്ചുകൂട്ടി.

## IV

ഇൻസ്പെക്ടർ വിനയചന്ദ്രന്റെയും ലീലയുടേയും വിവാഹം കഴിഞ്ഞിട്ട് ഒരുമാസമായിരിക്കുന്നു. അന്നു സ്നേഹിതന്റെ ഗൃഹത്തിൽനിന്നും തിരിച്ചുപോന്നതിൽ പിന്നീട് വിനയചന്ദ്രൻ ദീർഘമായ ഒരാലോചനയ്ക്കു ധീനനായിത്തീർന്നിരുന്നു. ആ ആലോചനയുടെ ഫലമായാണ് അയാളും ലീലയും ഇപ്പോൾ ദമ്പതികളായിത്തീർന്നിരിക്കുന്നതും. എങ്കിലും ശാന്തകുമാരിയെ നിശ്ശേഷം മറക്കുവാൻ അയാൾക്കു സാധിച്ചിരുന്നില്ല.

നല്ല നിലാവുള്ള ഒരു രാത്രി. സമയം ഏകദേശം എട്ടുമണിയായിരിക്കും. ഉദ്യാനത്തിലിട്ടിരുന്ന ഒരു ചാരു കസാലയിൽ വിനയചന്ദ്രൻ ചിന്താമഗ്നനായി ഇരിക്കുന്നുണ്ട്. ലീല ഗൃഹത്തിനുള്ളിൽനിന്നും ഇറങ്ങിവന്നു. മന്ദസ്മിതത്തോടുകൂടി അടുത്തെത്തിയ ലീലയെ അയാൾ കണ്ടു. പെട്ടെന്നയാൾ ചോദിച്ചു. “ഹാ! ശാന്തേ! നീയെപ്പോൾ വന്നു?’ ഈ ചോദ്യം കേട്ട് അവൾ ഒന്നു ഞെട്ടി. “ആ ഭാഗ്യവതിയായ അവിടുത്തെ ശാന്ത ഏതാണ്?’’ അവൾ ചോദിച്ചു. കുറച്ചു സമയത്തേക്കു യാതൊന്നും സംസാരിക്കാൻ അയാൾക്ക് കഴിവില്ലാതിരുന്നു. പിന്നിട്ട് സകലതും അയാൾ അവളോടു പറഞ്ഞു. അതു മുഴുവൻ മന്ദസ്മിതത്തോടുകൂടി കേട്ടുകൊണ്ടിരുന്ന അവൾ പെട്ടെന്ന് അകത്തുപോയി ഒരു ചെറിയ ഫോട്ടോയുമായി തിരിച്ചെത്തി. അവൾ ചോദിച്ചു “ഇതാണോ അങ്ങു പറഞ്ഞ ശാന്ത?”

വിനയൻ അൽഭുതപരതന്ത്രനായി. “ശാന്തയുടെ ഫോട്ടോ ലീലയ്ക്കെവിടെനിന്നും ലഭിച്ചു.?” വിനയൻ വിചാരമഗ്നനായി. ലീല വീണ്ടും അകത്തുപോയി. ലീല തിരിച്ചുവന്നപ്പോൾ അയാൾക്ക് അയാളുടെ കണ്ണുകളെപ്പോലും വിശ്വസിക്കുവാൻ കഴിഞ്ഞില്ല. തന്റെ ആരാധനാമൂർത്തിയായ ശാന്തകുമാരിയുടെ ഫോട്ടോ തന്റെ കൈയിൽ ഇരിക്കുന്നു. അന്നു താൻ അയാളോടു യാത്ര പറഞ്ഞ അവസരത്തിൽ അവൾ ധരിച്ചിരുന്ന അതേ വസ്ത്രാഭരണങ്ങളാൽ വിഭൂഷിതയായി ശാന്തകുമാരി അയാളുടെ സമീപത്തു നിൽക്കുന്നു. അയാൾ എങ്ങിനെ വിശ്വസിക്കും. ഈ ലോകംതന്നെ സ്വപ്നമാണെന്നു അയാൾക്കു തോന്നിപ്പോയി.

അവൾ പറഞ്ഞു— “അന്നു നിരാശയായി, അവിടത്തോടു യാത്രപറഞ്ഞു പിരിഞ്ഞുപോയ ശാന്തകുമാരിതന്നെയാണ് ലീല എന്ന അപരനാമധേയത്തിൽ അവിടത്തെ പത്നീപദത്തിൽ പ്രതിഷ്ഠാപിതയായതു്. വിജയപുരത്തിന് പോയ ഞങ്ങൾ അവിടെ എത്തുന്നതിനു മുമ്പുതന്നെ പെട്ടെന്നുണ്ടായ ഒരു സാംക്രമികരോഗം പിടിപെട്ട പിതൃവ്യനും മോഹനനും അകാലചരമം പ്രാപിച്ചു. അനന്തരം പിതൃവ്യപുത്രനായ കസുമചന്ദ്രന്റെ സംരക്ഷണയിൽ ഞാൻ കാലംകഴിച്ചു. ഇതിനിടയിലും എന്റെ ബാല്യസഖാവിനെപ്പററി ഞാൻ അന്വേഷിച്ചുകൊണ്ടേയിരുന്നു. എന്റെ നിർബന്ധംമൂലം ഞങ്ങൾ ഇവിടെവന്നു താമസിക്കുന്നതിനും നാം തമ്മിൽ പരിചയമാകുന്നതിനും സാധിച്ചു.

വിനയചന്ദ്രൻ ആനന്ദസാഗരത്തിൽ ആറാടി. അവിചാരിതമായി ലഭിച്ച ഈ ഭാഗ്യത്തിൽ അയാൾ ആഹ്ലാദിച്ചു. ആനന്ദബാഷ്പം അയാളുടെ നേത്രങ്ങളിൽനിന്നും ധാരധാരയായി പ്രവഹിച്ചു. ഒടുവിൽ അയാൾ പറഞ്ഞു. “ശാന്തേ! നീ തന്നെയാണ് എന്റെ അമൂല്യര

## ഒരു താരാട്ട്

ഡാക്ടർ കെ. കുഞ്ഞുകൃഷ്ണൻ (പാലകശ്ശേരി)

൧. പാലൊളിവീശി വിളങ്ങി-നിൽക്കും
ചേലെഴുമിന്ദുകലയോ.
൨. ചന്ദ്രോദയത്തിൽ കടലിൽ-പൊങ്ങും
മന്ദ്രതരമാം തിരയോ.
൩. പ്രേമമാംവല്ലി തഴച്ചു—പൂത്തോ
രോമനത്തേൻ കനിതാനോ.
൪. പാലാഴിതൻ മഥനത്തിൽ—നിന്നു
ചേലായ് ലഭിച്ചോരമൃതോ.
൫. പാരെല്ലാം പൊൻപൊടി പൂശാൻ-ഉദി
ച്ചുവന്ന ബാലരവിയോ.
൬. ചന്ദനത്തോപ്പിൽ കളിക്കും-മൃദു
മന്ദാനിലനോ മലരോ.
൭. രത്നങ്ങളൊൻപതുരുക്കി—ച്ചേർത്തു
പുത്തനായ് തീർത്ത മണിയോ
൮. മാന്തളിർ പൂങ്കുയിലുണ്ടു-പാടും
ശാന്തിദം പഞ്ചമം താനോ.
൯. ദിവ്യപ്രഭൻ ബ്രഹ്മദേവൻ-മെച്ചം
ഭവ്യമാം നിരലർതാനോ.
൧൦. പഞ്ചഭൂതങ്ങളുരുമ്മി-ചേർന്ന
കാഞ്ചന വിഗ്രഹം താനോ.
൧൧. മാതാപിതാക്കൾക്കാനന്ദം-ചേർക്കും
ചേതോഹരമപ്പുണ്യമോ.
൧൨. ക്രൂരിതം മർത്ത്യനപോക്കും-വേദ
സാരമോ വേദാന്തവിത്തോ.
൧൩. ഭവ്യമാം കാവ്യരസമോ-പാരം
ദിവ്യമാം നവ്യകലയോ.
൧൪. ശുദ്ധമാം സത്യമടയ്ക്കാൻ-ദിവ്യ
മൂർത്തികയാൽ തീർത്ത ചെപ്പോ.
൧൫. വൻമണലാരണ്യമദ്ധ്യ-പാന്ഥൻ
കണ്മണിക്കു ചന്തോരുറവോ.
൧൬. പാലാഴിപൂകിക്കുളിപ്പാൻ-തീർത്ത
ചേലെഴും പൊൻതോണികതാനോ.
൧൭. കാലത്തിൽ പെയ്ത മഴയോ-കടും
വേയ്‌ലകററും പൊൻകുടയോ.
൧൮. സംസ്കാരചാരുമൊഴിയോ-ബാല
ഭാസ്കരചാരുകരമോ.
൧൯. വിററാമിൻ വീതപ്രകാരം-തീരെ
തെററാതെ ചേർത്തൗഷധമോ.
൨൦. യോഗീന്ദ്രർ തൻ്റഹൃത്തളിരോ-പാക്കിൽ
ഭോഗീന്ദ്രശായി നിഴലോ.
൨൧. ജ്ഞാനഭണ്ഡാരക്കടലാം-മഹാ
ഭാരതമോ ഗീതതാനോ.
൨൨. തീർത്ഥങ്ങളിൽമികവേലും-ശുദ്ധ
പാർത്ഥലഗംഗാനദിയോ.
൨൩. യുദ്ധംനിരായുധനായി—ചെയ്യും
ഗാന്ധിയോ ടാഗൂർകവിയോ.
൨൪. വിണ്ഡലം വിട്ടു പതിച്ചു—താര
ഖണ്ഡമോ കർപ്പൂരസത്തോ.
൨൫. നാരായണഗുരുസ്വാമി—വീണ്ടും
പാരിൽവന്നവം ജനിച്ചോ

---


## ജീവിതോത്സവം

(ഗ്രന്ഥകർത്താ—എം. പി. അപ്പൻ, എം. എ., എൽ. ടി.)

രസികജനങ്ങളുടെ നിത്യസഖാവും, പാരസികകവീന്ദ്രനായ ഉമാർ ഖയ്യാമിൻെറ കാവ്യതല്ലജവും ആയ റുബായിയാത്തിൻെറ അതിലളിതമായ തർജ്ജമ. രാജശ്രീ ഏ. എൻ. തമ്പി അവർകളുടെ, ആമുഖവും ശ്രീമാൻ വെള്ളങ്കുളത്തിൻെറ അവതാരികയും വ്യാഖ്യാനവും അടങ്ങിയിട്ടുള്ള ഈ ഗ്രന്ഥത്തിൽ മൂലകൃതിയും (ഇംഗ്ലീഷ്) ചേർത്തിട്ടുണ്ട്. അതിമനോഹരമായ കെട്ടും മട്ടും, നൂററിനാല്പതു പുറങ്ങൾ.

**വില ഒന്നരരൂപാ.**

ആവശ്യപ്പെടുക:—റെഡ്യാർപ്രസ്സ്, തിരുവനന്തപുരം or
പിപ്പിൾസ് ബുക്ക്സ്റ്റാൾ, തിരുവനന്തപുരം or
ശ്രീവിലാസ് പ്രസ്സ്, തിരുവനന്തപുരം.


നം!" പെട്ടെന്നു് അയാൾ മുകളിലോട്ടു നോക്കി. ഒരു വെൺതിങ്കൾ ബിംബം അവളെ നോക്കി പുഞ്ചിരി തൂകുന്നുണ്ടായിരുന്നു. അയാൾ വിചാരിച്ചു. അന്നു ശാന്ത എന്നോടു യാത്ര പറഞ്ഞ ആ സമയത്തും ഒരു പൂനിലാവ് പാരെങ്ങും പരന്നിരുന്നു. ആ പൂനിലാവ് തന്നെ ഇന്നും വിശപ്പില്ലാതെ ആനന്ദത്തിൽ മുങ്ങുന്നു. നമ്മുടെ വിയോഗാവസരത്തിലെ ദുഃഖത്തിനു് ദൃക്സാക്ഷിയായിരുന്ന ആ പൂനിലാവ് അതിൻെറ കൃത്യം നിറവേററിക്കഴിഞ്ഞു.

---


### "ആശാൻ മെമ്മോറിയൽ"
## S. N. D. P. ക്ലബ്ബ്

സഹകരിക്കുക! വിജ്ഞാനം കൈവരിക്കുക!!
സംസ്കാരം വികസിപ്പിക്കുക!!!

സ്നേഹിതരെ,

പല്ലനയിൽ പള്ളികൊള്ളുന്ന ആ കവിസാർവഭൗമൻെറ—സ്വാതന്ത്ര്യഗായകനായിരുന്ന ആ സമുദായ പരിഷ്കർത്താവിൻെറ—ആശയഗംഭീരനായിരുന്ന മഹാകവി എൻ. കുമാരനാശാൻ അവർകളുടെ നിത്യസ്മാരകമായിവൈക്കത്തു സ്ഥാപിച്ചു നടത്തിവരുന്ന "ആശാൻ മെമ്മോറിയൽ എസ്. എൻ. ഡി. പി. ക്ലബ്ബി"ൽ അംഗങ്ങളായി ചേരുക. സഹകരിക്കുക! വിജ്ഞാനം കൈവരിക്കുക!! സംസ്കാരം വികസിപ്പിക്കുക!!!

അപേക്ഷിക്കേണ്ടും മേ. വി.
വൈക്കം, സെക്രട്ടറി ബി. ആർ. വിജയരാഘവൻ
26-6-120—

Reg. No. T. 26 THE License No. 363/37

# NAVAJEEVAN

One Caste One Religion One God for Humanity

Sivagiri Varkala, 28th March: 1945


## ക്ഷയരോഗം

ജീവിക്കുവാൻ ആവശ്യമായ ശരീരാവയവങ്ങളെ കാർന്നു നശിപ്പിച്ചു കളഞ്ഞിട്ടില്ലെങ്കിൽ, പീനസം, എങ്ങൽ, കാസം മുതലായ 11 ഉപദ്രവരോഗങ്ങളോടുകൂടിയതായാലും ശരി, കൊക്കിക്കളച്ചു ഒരു തുള്ളിപോലും രക്തം തുപ്പുന്നതായാലും ശരി, ... അനുഭവിക്കാതെ രക്ഷ നേടുവാൻ ഒരേ ഒരു മാർഗ്ഗമാണുള്ളത്. ഉടൻ

### കരിംകുരങ്ങ് രസായനം സേവിക്കുവിൻ!

റാത്തൽ 1ന് 5 ക. മാത്രം. പാക്കിങ്ങും പോസ്റ്റേജും വേറെ.

സ്വതന്ത്രഫാർമസി

ചാലക്കുടി : കൊച്ചിൻസ്റ്റേറ്റ്

ബ്രാഞ്ചുകൾ: 1. ആലപ്പുഴ, 2. കൊടകര

1945-ലെ മനോഹരമായ കലണ്ടർ ഇനാം!

സർക്കാർ അംഗീകൃത ആനന്ദപ്രദായിനി വൈദ്യശാല വക

## സിദ്ധൌഷധങ്ങൾ

### ക്ഷതാശിനിക്കുഴമ്പ്

ബാഹ്യലേപനം കൊണ്ട് പൂർണ്ണഫലം സിദ്ധിക്കുന്നത് അടി, ഇടി, വീഴ്ച, ഭാരമെടുപ്പ്, ആദിയായവയാൽ ഉണ്ടാകുന്ന നാഡിപ്പിഴ, സന്ധി ഒടിവ് ചതവ്, മറിവു ഇവകൾക്ക് സിദ്ധൌഷധം. ഏതു പഴക്കമുള്ളതിനേയും എളുപ്പം സുഖപ്പെടുത്തും.

കുപ്പി ഒന്നുക്ക വില രൂപാ 1

### സ്തനരോഗവിദ്ധ്വംസിനി

മുലയിൽ ഉണ്ടാകുന്ന കരുക്കൾ, വ്രണങ്ങൾ, ചുമപ്പ്, നീർവീഴ്ച, തടിപ്പ് മുലക്കണ്ണുവിള്ളൽ, പൊള്ളൽ ഗ്രന്ഥികൾ (Cancer) ഇവകൾക്കും മാസമാസങ്ങളിൽ ഉണ്ടാകുന്ന മലപ്പുണ്ണിക്കും സിദ്ധൌഷധം. മൂലികാദൌഷധങ്ങളാൽ മാത്രം തയ്യാർ ചെയ്തിട്ടുള്ളതും ഫലകരവും ഏറ്റവുമായ ദിവ്യൌഷധം ഗുഹ്യരോഗങ്ങൾ, വായ്പുണ്ണ്, കടൽ വ്രണങ്ങൾ ആദിയായവയെ മാറ്റുന്നതിനുള്ള ശക്തിയും അതിശയനീയമാകുന്നു. ഗർഭിണികളിലും സൂതികകളിലും ഉപയോഗപ്രദമായത്.

റാത്തൽ 1ക്കു വില രൂപാ 8.

N. B. ആയുർവേദവിധിപ്രകാരം തയാർ ചെയ്തിട്ടുള്ള സകല ഔഷധങ്ങളും മിതമായ വിലക്ക് വില്പനക്കു തയ്യാർ.

കെ. എൻ. രാഘവപ്പണിക്കർ,

വൈദ്യകലാനിധി പാമ്പുരം.

പാളയംകുന്നു A. O. പാരിപ്പള്ളി P. O.

## കുഷ്ഠരോഗം

തീരാവ്യാധിയെന്നു തീർച്ചപ്പെടുത്തി വരുന്ന എത്ര പഴയ കുഷ്ഠരോഗവും, രക്തദൂഷ്യംമൂലമുള്ള സർവവിധത്വക്ക്രോഗങ്ങളും ക്ഷിപ്രകാലാവധിക്കകം പൂർണ്ണമായും ചികിത്സിച്ചു സുഖപ്പെടുത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്കു സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുക:—

പി. കെ. നാണുവൈദ്യൻ,

S. N. V. ആയുർവേദ ഫാർമസി, ചങ്ങനാശേരി.


Edited & Printed by Swami Sri Narayana Theerthar at the City Press, Trivandrum and Published at Sivagiri, Varkala, Travan...